കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചെങ്കള ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്

e-mail: doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എസ്.ഡി 9/078/2019 തിയ്യതി:28.01.2019.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
പിൻ -671123, ഫോൺ നം.04994256690
ഇ.മെയിൽ – doksd.ksad@kerala.gov.in

തീയതി. 28.01.2019

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പ്രസിഡന്റ് ,(സെക്രട്ടറി മുഖേന)

ചെങ്കള ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : ചെങ്കള ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെങ്കള ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഇ-മെയിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.കെ.എസ്.ഡി 9/078/2019 തിയ്യതി:28.01.2019

# കാസർഗോഡ് ജില്ലയിലെ ചെങ്കള ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

*****

കാസർഗോഡ് ജില്ലയിലെ ചെങ്കള ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2017 മുതൽ 31-03-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. മഹേഷ.ബി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17-12-2018 മുതൽ 24-12-2018വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| കിരൺദാസ്.പി. | ഓഡിറ്റ് ഓഫീസർ |
| വിനോദ് കുമാർ.സി | ഓഡിറ്റ് ഓഫീസർ |
| ബാബു.എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| കുഞ്ഞികൃഷ്ണൻ.കെ.സി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| സുനിൽ കുമാർ.എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവഹണാധികാരികൾ

| നിർവ്വഹണ അധികാരി | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| പ്രസിഡണ്ട് | ഷാഹിന സലീം | 1 / 4 /2017 | 31 / 3 /2018 |
| സെക്രട്ടറി | പി. മധുസൂദനൻ | 01/04/2017 | 19/08/2017 |
| | എം ബാബു (ചാർജ്ജ്) | 20/08/2017 | 09/10/2017 |
| | മുഹമ്മദ് ലുഖ്മാൻ എം.പി. | 10/10/2017 | 23/01/2018FN |
| | എം. ബാബു (ചാർജ്ജ്) | 23/01/2018AN | 05/02/2018 |
| | സുരേഷ് കുമാർ, കെ. | 06/02/2018 | 31/03/2018 |

നിർവഹണ ഉദ്യോഗസ്ഥർ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| അസി.എഞ്ചിനീയർ | രജനി. സി | 01/04/2017 | 20/08/2017 |
| | അനിത. കെ | 21/08/2017 | 10/10/2017 |
| | തിമ്മക്കുടിയ. ബി (ചാർജ്ജ്) | 11/10/2017 | 16/11/2017 |
| | ജോസി. കെ (ചാർജ്ജ്) | 17/11/2017 | 09/01/2018 |
| | ഷജിൽ.ടി | 10/01/2018 | 31/03/2018 |
| കൃഷി ഓഫീസർ. | ചവന നരസിംഹല്യ | 01/04/2017 | 21/07/2017 |
| | ബിന്ദു ജോർജ്ജ് | 22/07/2017 | 13/09/2017 |
| | സന്തോഷ് ചാലിൽ | 14/09/2017 | 01/11/2017FN |
| | അതുല്ല്യ എസ് കുമാർ | 01/11/2017AN | 31/03/2018 |
| വി.ഇ.ഒ | ഗംഗാധരൻ, എം. | 01/04/2017 | 31/03/2018 |

| | | | |
|---|---|---|---|
| | സജിത കുമാരി | 01/04/2017 | 31/03/2018 |
| എ.സി.ഡി.എസ് സൂപ്പർവൈസർ | ദിവ്യ.കെ | 1/04/2017 | 31/08/17FN |
| | ദീപ.ഡി.എച്ച് | 31/08/17AN | 06/12/17 |
| | കാവ്യശ്രീ.ജി | 07/12/2018 | 31/03/2018 |
| മെഡിക്കൽ ഓഫീസർ PHC | ഡോ. ഷമീമ തൻവീർ | 01/04/2017 | 31/03/2018 |
| മെഡിക്കൽ ഓഫീസർ GAD | ഡോ.മുഹമ്മദ് ഇംതിയാസ് | 01/04/2017 | 31/03/2018 |
| ഹെഡ് മാസ്റ്റർ | രമേശൻ | 01/04/2017 | 31/03/2018 |
| വെറ്റിനറി സർജൻ | ഡോ.ഹരീഷ് കുമാർ | 01/04/2017 | 31/03/2018 |
| മെഡിക്കൽ ഓഫീസർ GHD | ഡോ.എം.എസ്.ഷീബ | 01/04/2017 | 31/03/2018 |
| അസിസ്റ്റന്റ് സെക്രട്ടറി | എം.ബാബു | 01/04/2017 | 31/03/2018 |

ഉള്ളടക്കം

ഭാഗം I

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് അംഗീകരിച്ചതിന്റെ വിവരം | 1-1 |
| 2 | വാർഷീക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷീക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം ( റസീപ്റ്റ് & പേയ്മെന്റ് പ്രകാരം ) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |

| | | |
|---|---|---|
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-11 |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 12 | സേവനങ്ങൾ നൽകുന്നതിന്നിന് നിയമപ്രകാരമുള്ള ഉപനികുതി ഈടാക്കുന്നില്ല. | 2-1 |
| 13 | കെട്ടിടനിർമ്മാണ അപേക്ഷ തീർപ്പാക്കൽ / അപേക്ഷ രജിസ്റ്ററിന്റെ സൂക്ഷിപ്പ് എന്നിവയിലെ അപാകതകൾ. | 2-2 |
| 14 | നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല. | 2-3 |
| 15 | ബി ഒ ടി ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് - വസ്തു നികുതി, കൺസഷൻ ഫീസ് എന്നിവ ഈടാക്കാത്തത് എന്നിവ ഈടാക്കാത്തത് സംബന്ധിച്ച് | 2-4 |
| 16 | തൊഴിൽ നികുതി- പൊതു അപാകതകൾ: | 2-5 |
| 17 | വസ്തു നികുതി വൻ കുടിശ്ശിക. | 2-6 |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 18 | പ്രൊജക്റ്റുകൾ സമയബന്ധിതമായി നടപ്പിലാക്കാത്തത് മൂലം പഞ്ചായത്തിന് 2.47 കോടി രൂപ വിനിയോഗിക്കാൻ സാധിച്ചില്ല. | 3-1 |
| 19 | മരാമത്ത് പ്രവൃത്തികളുടെ ആധിക്യം നിർവ്വഹണത്തെയും നടപടിക്രമങ്ങളെയും ബാധിക്കുന്നു. | 3-2 |
| 20 | ഉദ്ദം അങ്കണവാടി റിപ്പയർ പ്രവൃത്തി - അധികം തുക ചെലവഴിച്ചു. | 3-3 |

| | | |
|---|---|---|
| 21 | പാണാർകുളം അങ്കണവാടി അറ്റകുറ്റപണി - അധികം തുക ചെവഴിച്ചു. | 3-4 |
| 22 | ബിലാൽ നഗർ ഗിരി റോഡ് ബാക്കി ഭാഗം കോൺക്രീറ്റ് ചെയ്യൽ പ്രവൃത്തി - കരാറുകാരന് അധികം തുക നൽകിയത് | 3-5 |
| 23 | മരാമത്ത് പ്രവൃത്തികൾ- കരാറുകാർ ജി.എസ്.ടി.രജിസ്ട്രേഷൻ വിവരങ്ങൾ ടെണ്ടറിനൊപ്പം സമർപ്പിച്ചിട്ടില്ല. | 3-6 |
| 24 | സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളുടെ വൗച്ചറുകൾ, ഫയലുകൾ, അനുബന്ധരേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. | 3-7 |
| 25 | ആദായ നികുതി ഈടാക്കിയതിൽ കുറവ് . | 3-8 |
| 26 | സർവീസ് ടാക്സിനായി എസ്റ്റിമേറ്റിൽ വകയിരുത്തിയ തുക കരാറുകാരന് നൽകി. | 3-9 |
| 27 | വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ. | 3-10 |
| 28 | വൃദ്ധർക്ക് കട്ടിൽ വിതരണം - നടപടികളിൽ സുതാര്യതയില്ല. | 3-11 |
| 29 | ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും അവയുടെ വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കുന്നില്ല. | 3-12 |
| 30 | പ്രോജക്ടുകളുടെ നിർവ്വഹണം -മോണിറ്ററിംഗ് റിപ്പോർട്ട്,പൂർത്തീകരണ പത്രം എന്നിവ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ് | 3-13 |
| 31 | വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് -വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 3-14 |
| 32 | ഭിന്നശേഷിക്കാർക്ക് ഉപകരണം വാങ്ങൽ അപാകത . | 3-15 |
| 33 | പ്രോജക്ട് നം-80/17-18 കൃഷിഭവന് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ - അപാകത | 3-16 |
| 34 | കൃഷിഭവന് സൗണ്ട് സിസ്റ്റം,ആംപ്ലിഫയർ,സ്പീക്കർ അനുബന്ധ സാധനങ്ങൾ വാങ്ങൽ - അപാകത | 3-17 |
| 35 | കാർഷിക മേഖലയിലെ പദ്ധതി നടത്തിപ്പ് -രേഖകളുടെ സൂക്ഷിപ്പിൽ അപാകതകൾ | 3-18 |
| 36 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്,വെള്ളക്കരം - സംയുക്ത പരിശോധന നടത്തി അടവു തുക പുനർ നിർണ്ണയിക്കേണ്ടതാണ്. | 3-19 |
| 37 | വിവിധ പ്രവൃത്തികൾക്ക് കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ തുക നിക്ഷേപിച്ചത് - അപാകത. | 3-20 |
| 38 | ശമ്പളപരിഷ്കരണ കുടിശ്ശിക -അധികം അനുവദിച്ചത് -മറ്റ് അപാകതകൾ | 3-21 |

| | | |
|---|---|---|
| 39 | ശമ്പള പരിഷ്കരണം നടത്തിയതിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല | 3-22 |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | |
| 40 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 41 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 42 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 43 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 44 | സ്ഥിര നിക്ഷേപങ്ങളുടെ വിവരം | 4-5 |
| 45 | ഓഡിറ്റ് റിക്കവറി | 4-6 |
| 46 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-7 |
| 47 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 48 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 49 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |


അനുബന്ധപത്രികകൾ

1. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,
2. റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,
3. ബാലൻസ് ഷീറ്റ്.
4. ഓഡിറ്റ് സർട്ടിഫിക്കറ്റ്.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ് അംഗീകരിച്ചതിന്റെ വിവരം

| വർഷം | 2017-18 | |
|---|---|---|
| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |

| തീരുമാനം നമ്പർ തീയ്യതി | 1/30-03-2017 | 1/08-02-2018 |
|---|---|---|
| മുന്നിരിപ്പ് | ₹92,80,000 | ₹1,89,31,946 |
| വരവ് | ₹20,28,35,200 | ₹23,13,41,365 |
| ആകെ | ₹21,21,15,200 | ₹25,02,73,311 |
| ചെലവ് | ₹20,30,21,530 | ₹2,42,231,678 |
| നീക്കിയിരിപ്പ് | ₹90,93,670 | ₹80,41,633 |

## 1-2 വാർഷീക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 15.05.2018 | ഇല്ല | ഇല്ല |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 09.07.2018 മുതൽ 10.07.2018 വരെ | കെ.എസ്.എ/കെ.എസ്.ഡി.3/644/2018, തീയ്യതിः 14-08-2018. |

ചെങ്കള ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. സചിത്ര സോഫ്റ്റ് വെയർ മുഖേന ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ബി-11 ഷെഡ്യൂൾ പ്രകാരം ബാലൻസ് ഷീറ്റിൽ കാണിച്ച സ്ഥിരം ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത വ്യക്തമല്ല.
2. വസ്തു നികുതി- തൻ വർഷം 1,71,75,129 രൂപ അക്രൂവൽ വരുമാനമായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈപ്രകാരം അക്രൂവൽ വരുമാനം രേഖപ്പെടുത്താൻ ആധാരമാക്കിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

കുടിശ്ശിക മുന്നിരിപ്പ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യ പരിശോധിക്കുന്നതകുന്ന രേഖകൾ ഇല്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സഞ്ചയ യിൽ നിന്ന് കുടിശ്ശികയുടെ ഡി.സി.ബി റിപ്പോർട്ട് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

3. സ്ഥാപനങ്ങൾ, വ്യാപാരികൾ, പ്രൊഫഷണലുകൾ എന്നിവരിൽ നിന്നുള്ള തൊഴിൽ നികുതിയിനത്തിൽ തൻവർഷം 5,91,100 രൂപയുടെ അക്രൂവൽ വരുമാനം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഏതു രേഖ അടിസ്ഥാനമാക്കിയാണ് അക്രൂവൽ രേഖപ്പെടുത്തിയത് എന്ന് വ്യക്തമല്ല. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ ക്ലോസ് ചെയ്ത് സംഗ്രഹം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

   തൊഴിലാളികളിൽ നിന്നുമുള്ള തൊഴിൽ നികുതിയിനത്തിൽ 53,62,805 രൂപ വരവുണ്ട്. എന്നാൽ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ ക്ലോസ് ചെയ്ത് സംഗ്രഹം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഇതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4. സ്പെഷൽ ടി.എസ്.ബി അക്കൗണ്ടിൽ നിന്നും 24.03.2018 ലെ ചെക്ക് നം 1970848 പ്രകാരം 10,05,600 രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ വാർഷിക കണക്കിൽ ഈ ചെക്ക് മുഖേനയുള്ള ചെലവായി 10,06,581 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്.

5. എ.പി.ഓട്ടോമൊബൈൽസ് എന്ന സ്ഥാപനം കേരളോത്സവത്തിനായി നൽകിയ സംഭാവന 5,000 രൂപ 180900102-Voluntary contributions and donations എന്ന ഹെഡിൽ വരവു രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതേ ആവശ്യത്തിനായി കെ.വി.ആർ വെഹിക്കിൾസ് എന്ന സ്ഥാപനം നൽകിയ 10,000 രൂപയുടെ സംഭാവന ഈ ഹെഡിൽ ചേർത്തിട്ടില്ല.

6. 320100127-Centrally Sponsored Scheme- NPRPD എന്നയിനത്തിന്റെ ലെഡ്ജർ പരിശോധിച്ചതിൽ 18.10.2017 ന് 60,000 രൂപ ഡെബിറ്റ് രേഖപ്പെടുത്തിയിട്ടുണ്ട്. “to correct the balance in 320100127” എന്നാണ് വിശദീകരണം രേഖപ്പെടുത്തിയിട്ടുള്ളത്. ഇത്തരം ഒരു എൻട്രി രേഖപ്പെടുത്തിയ സാഹചര്യം വിശദമാക്കിയിട്ടില്ല.

7. 330500102-Secured loan from co-operative banks എന്നയിനത്തിന്റെ ലെഡ്ജർ പരിശോധിച്ചതിൽ 16.01.2018 ന് loan adjustment by the bank എന്ന് രേഖപ്പെടുത്തി 13,40,042 രൂപ ബാദ്ധ്യത കുറച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

8. 350800299- other liabilities എന്ന ഹെഡിൽ മുന്നിരിപ്പ് 1,05,300 രൂപയും SD pension refund, cash, SGST, CGST, sale of tender form എന്നീയിനങ്ങളും ചേർത്തു കാണുന്നു. വിവിധ കറക്ഷൻ എൻട്രികളിലായി CGST, SGST എന്നീയിനങ്ങളിൽ ക്രഡിറ്റ് രേഖപ്പെടുത്തിയതായും കാണുന്നു. ഈയിനങ്ങൾ അതാതു ഹെഡുകളിൽ അക്കൗണ്ട് ചെയ്യാതെ other liabilities എന്ന ഹെഡിൽ രേഖപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല. കൂടാതെ ഈ ഹെഡിലെ മുന്നിരിപ്പ് തുകയുടെ നിജസ്ഥിതിയും ബോദ്ധ്യപ്പെട്ടിട്ടില്ല.

9. 320700105, 320200322, 320200317, 470100101 എന്നീ ഹെഡുകളിൽ 2012 മുതലുള്ള നീക്കിയിരിപ്പ് തുകകൾ അതേപടി നില നിർത്തിക്കാണുന്നു. ഈ നീക്കിയിരിപ്പ് ബാദ്ധ്യതകളുടെ നിജസ്ഥിതി ബോദ്ധ്യപ്പെട്ടിട്ടില്ല.

10. ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണമല്ല. മുൻവർഷങ്ങളിലെ നീക്കിയിരിപ്പ് ഡെപ്പോസിറ്റുകൾ ക്യാരി ഓവർ ചെയ്തിട്ടില്ല. 2017-18 ൽ രജിസ്റ്റർ ക്ലോസ് ചെയ്തിട്ടില്ല. ആയതിനാൽ ഷെഡ്യൂൾ B-7

പ്രകാരമുള്ള നീക്കിയിരിപ്പ് ഡെപ്പോസിറ്റുകളുടെ വിശദ വിവരങ്ങൾ (ഡെപ്പോസിറ്ററുടെ പേര്, ഉദ്ദേശം, റസീറ്റ് നം, തിയതി) പഞ്ചായത്തിന്റെ പക്കൽ ലഭ്യമല്ല.

11. അഡ്വാൻസ് രജിസ്റ്റർ പൂർണമല്ല. മുൻവർഷങ്ങളിലെ നീക്കിയിരിപ്പ് അഡ്വാൻസുകൾ ക്യാരി ഓവർ ചെയ്തിട്ടില്ല. 2017-18 ൽ രജിസ്റ്റർ ക്ലോസ് ചെയ്തിട്ടില്ല. ആയതിനാൽ ഷെഡ്യൂൾ B-18പ്രകാരമുള്ള നീക്കിയിരിപ്പ് അഡ്വാൻസുകളുടെ വിശദ വിവരങ്ങൾ (പേര്, ഉദ്ദേശം, റസീറ്റ് നം, തിയതി) പഞ്ചായത്തിന്റെ പക്കൽ ലഭ്യമല്ല.

## 1-4 സാമ്പത്തിക വിശകലനം ( റസീപ്റ്റ് & പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | ₹2,44,53,309 |
| വരവ് | ₹9,07,64,196 |
| ആകെ | ₹11,52,17,505 |
| ചെലവ് | ₹10,24,31,882 |
| നീക്കിയിരിപ്പ് | ₹1,27,85,623 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം (ACR പ്രകാരം) | മുന്നിരിപ്പ്(₹) | വരവ്(₹) | ആകെ(₹) | ചെലവ്(₹) | നീക്കി യിരിപ്പ് *(₹) |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 2,70,13,253 | 2,70,13,253 | 2,03,96,304 | 66,16,949 |
| വികസന ഫണ്ട് -SCP | 0 | 43,84,321 | 43,84,321 | 16,41,124 | 27,43,197 |
| വികസന ഫണ്ട് -TSP | 0 | 33,84,624 | 33,84,624 | 16,88,880 | 16,95,744 |
| മെയിന്റനൻസ്, റോഡ് | 0 | 1,50,59,000 | 1,50,59,000 | 75,32,495 | 75,26,505 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 58,23,000 | 58,23,000 | 43,16,981 | 15,06,019 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 1,26,76,021 | 1,26,76,021 | 79,85,723 | 46,90,298 |
| കെ.എൽ.എസ്.ജി.ഡി.പി. | 0 | 0 | 0 | 0 | 0 |

(* വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യക്കമ്മീഷൻ ഗ്രാന്റ്, ലോകബാങ്ക് ധനസഹായം എന്നീയിനങ്ങളിലെ നീക്കിയിരിപ്പ് തുകകൾ സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടതിനാൽ ഈയിനങ്ങളിൽ നീക്കിയിരിപ്പില്ല. ലാപ്സായ തുക കണക്കാക്കുന്നതിന് വേണ്ടിയാണ് മേൽ ഇനങ്ങളിലെ നീക്കിയിരിപ്പ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.ആകെ ലാപ്സായ തുക ₹2,47,78,712/-)

മറ്റ് പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ, തനത് ഫണ്ട് അക്കൗണ്ടുകൾ എന്നിവ സംബന്ധിച്ച് വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വിവരം ചുവടെ ചേർക്കുന്നു.

| | | | | | | |
|---|---|---|---|---|---|---|
| സാക്ഷരത | | | ..... | ..... | ...... | ..... |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ. ആർ.ഇ.ജി. എസ് | തൊഴിലാളികളുടെ കൂലി | _ | 2,43,27,544 | 2,43,27,544 | 2,43,27,544 | .... |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 6,539 | 17,38,753 | 17,45,292 | 17,38,015 | 7,277 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | TSC | 26,82,506 | 10,99,971 | 37,82,477 | 59,276 | 37,23,201 |
| | SSA | 0 | 39,35,000 | 39,35,000 | 39,35,000 | 0 |
| | ICDS | 3,30,937 | 5,75,789 | 9,06,726 | 3,37,150 | 5,69,576 |
| | NPRPD | 14,40,000 | 0 | 14,40,000 | 3,90,000 | 10,50,000 |
| | PYCKA | 3,31,050 | 0 | 3,31,050 | 0 | 3,31,050 |
| സംസ്ഥാനാ വിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമായ ഫണ്ട് | 0 | 0 | 0 | 0 | 0 |
| | നാട്ടുമാവ് പദ്ധതി പ്രത്യേക ധനസഹായം | 0 | 0 | 0 | 0 | 0 |
| | വിമുക്തി ഫണ്ട് | 12,500 | 0 | 12,500 | 0 | 12,500 |
| | ശുചിത്വമിഷൻഫണ്ട് | 26,82,506 | 10,99,971 | 37,82,477 | 59,276 | 37,23,201 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് (ട്രഷറി) | ബ്ലോക്ക് പഞ്ചായത്ത് | 1,95,796 | 20,97,060 | 22,92,856 | 15,56,229 | 10,66,627 |
| | ജില്ലാ പഞ്ചായത്ത് | 54,816 | 5,25,000 | 5,79,816 | 4,25,000 | 1,54,816 |
| ബി.ഫണ്ട് | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 0 | 7,80,000 | 7,80,000 | 7,80,000 | 0 |
| | നെൽകൃഷി-ഉല്പാദന ബോണസ് | 0 | 0 | 0 | 0 | 0 |
| | MGNREGA നൂറ് തൊഴിൽദിനം പൂർത്തീകരിച്ചവർക്കുള്ള ഇൻസെന്റീവ് | 0 | 3,34,000 | 3,34,000 | 3,34,000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 98,08,286 | 2,67,10,893 | 3,65,19,179 | 2,01,66,171 | 1,63,53,008 |
| | ട്രഷറി അക്കൗണ്ട് ജനറൽ പർപ്പസ്സ് ഗ്രാന്റ് ഉൾപ്പടെ | 1,26,58,800 | 1,82,15,284 | 3,08,74,084 | 3,72,25,220 | -63,51,136 |
| മറ്റിനം | അവാർഡുകളും ബഹുമതികളും | 0 | 0 | 0 | 0 | 0 |
| | ഗുണഭോക്തൃവിഹിതം | 73,810 | 7,20,250 | 7,94,060 | 4,70,250 | 3,23,810 |

# 1-6 പദ്ധതി അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനും ആസൂത്രണ നിർവ്വഹണ പ്രക്രിയയിൽ ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനുവേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനം നിർബന്ധമായും രൂപീകരിക്കേണ്ട ഒരു സമിതിയാണ് ആസൂത്രണ സമിതി 09.01.2017– ലെ ജി.ഒ.(എം.എസ്.)72/2017/ എൽ.എസ്.ജി.ഡി. ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 23.01.2017 ലെ 01/17 നമ്പർ തീരുമാനപ്രകാരം ആസൂത്രണസമിതി അംഗങ്ങളെ ഭരണസമിതി, നിശ്ചയിച്ച് അംഗീകരിച്ചിട്ടുണ്ട്. .

സ്റ്റാറ്റസ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ടും വികസനരേഖയും പ്രിന്റ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്.

സ്റ്റാൻഡിംഗ് കമ്മറ്റികൾ

സ്റ്റാൻഡിംഗ് കമ്മറ്റികൾ അവരുടെ അധികാര പരിധിക്കകത്തു നിന്നു കൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിൽ ഒരു പരിധിവരെ വിജയിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി നികുതി പിരിവും അതുപോലെ മറ്റ് റവന്യൂ വരവിനങ്ങളുമായും ബന്ധപ്പെട്ട് വിലയിരുത്തലുകൾ നടത്താറുണ്ട്. സദ്ഭരണം,വാർഷിക പദ്ധതി രൂപീകരണം എന്നിവയെക്കുറിച്ചും ചർച്ചകൾ നടത്തിയിട്ടുണ്ട്. പദ്ധതി രൂപീകരണം,പദ്ധതി നിർവ്വഹണം, എന്നി വിഷയങ്ങളെക്കുറിച്ച് വികസന സ്റ്റാൻഡിങ്ങ്കമ്മിറ്റി ചർച്ചകൾ നടത്തുകയുണ്ടായിട്ടുണ്ട്.ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മറ്റി,ഈ കമ്മിറ്റിയുടെ പരിധിയിൽ വരുന്ന പദ്ധതികളുടെ അവലോകനം നടത്തിയിട്ടുണ്ട്. ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി, ആരോഗ്യ-വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ചർച്ചകൾ നടത്തുകയുണ്ടായിട്ടുണ്ട്

വിവിധ സ്റ്റാൻഡിങ്ങ് കമ്മറ്റികൾ 2017-18 വർഷം ചേർന്ന യോഗങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്റ്റാൻഡിംഗ് കമ്മറ്റികളുടെ പേര് | ചേർന്ന യോഗങ്ങളുടെ എണ്ണം |
|---|---|---|
| 1 | ധനകാര്യം | 15 |

| | | |
|---|---|---|
| 2 | വികസനം | 16 |
| 3 | ക്ഷേമകാര്യം | 13 |
| 4 | ആരോഗ്യം , വിദ്യാഭ്യാസം | 14 |

വർക്കിംഗ് ഗ്രൂപ്പുകൾ

പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. എന്നാൽ പദ്ധതിയുടെ നിർവഹണഘട്ടങ്ങളിൽ നടത്തുന്ന ഇടപെടലുകൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതായിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളാണ് മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടത് എന്നതിനാൽ പദ്ധതികൾ പരിപൂർണ്ണമായ വിജയം കൈവരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകളുടെ മേൽനോട്ടം അത്യാവശ്യമാണ്.

പദ്ധതികളുടെ അടങ്കൽ തുകയെകുറിച്ച് വിലയിരുത്തൽ നടത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. അത്തരം വിലയിരുത്തലുകൾ വർക്കിങ്ങ് ഗ്രൂപ്പുകൾ നടത്തിയിട്ടുണ്ട്.പ്രൊജക്ടുകളുടെ പരിസ്ഥിതി ആഘാത സാദ്ധ്യതകൾ പരിശോധിക്കേണ്ടത് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളാണ്. ചെറുതും ഫലപ്രാപ്തികുറഞ്ഞതുമായ പ്രൊജക്ടുകൾ ഒഴിവാക്കേണ്ടുന്ന ചുമതലയും ബന്ധപ്പെട്ട മേഖലയിലെ വർക്കിംഗ് ഗ്രൂപ്പുകൾക്കാണ്. എന്നാൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തിയതു സംബന്ധിച്ച വിവരങ്ങളൊന്നും തന്നെ ലഭ്യമല്ല.. തുടർന്ന് അങ്ങോട്ട് ഈ അപാകത പരിഹരിക്കേണ്ടതാണ്.കഴിഞ്ഞ ഇരുപത് വർഷത്തെ അനുഭവങ്ങളെ സംബന്ധിച്ച് വ്യക്തമായ ധാരണയോടെ വേണം പ്രൊജക്റ്റുകൾ തയ്യാറാക്കേണ്ടത് എന്നത് വർക്കിങ്ങ് ഗ്രൂപ്പ് കൃത്യമായി പരിശോധിച്ചിരിക്കേണ്ടതാണ്.

വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ 2017-18 വർഷം ചേർന്ന യോഗങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പിന്റെ പേര് | ചേർന്ന യോഗങ്ങളുടെ എണ്ണം |
|---|---|---|
| 1 | കണക്കുകൾ, രേഖകൾ തയ്യാറാക്കൽ, ജനസേവനം കാര്യക്ഷമമാക്കൽ | 8 |
| 2 | കൃഷിയും അനുബന്ധമേഖലകളും | 2 |
| 3 | മൃഗസംരക്ഷണവും, ക്ഷീര വികസനവും | 2 |
| 4 | പൊതുമരാമത്ത് | 1 |
| 5 | സാമൂഹ്യക്ഷേമം | 1 |
| 6 | പട്ടിക ജാതി വികസനം | 2 |
| 7 | സ്ത്രീകളുടെയും കുട്ടികളുടെയും വികസനം | 1 |
| 8 | ആരോഗ്യം | 2 |
| 9 | കുടിവെള്ളം ശുചിത്വം | 1 |
| 10 | വിദ്യാഭ്യാസം സംസ്കാരം, കല കായിക | 2 |

| | | |
|---|---|---|
| | യുവജനക്ഷേമം | |
| 11 | ചെറുകിട വ്യവസായം | 1 |
| 12 | പട്ടിക വർഗ്ഗ വികസനം | 2 |

പദ്ധതി ആസൂത്രണ നിർവ്വഹണ നടപടികൾ

പതിമൂന്നാം പഞ്ചവത്സര പദ്ധതി 2017-18 വാർഷീക പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച പഞ്ചായത്ത് ആസൂത്രണ സമിതി,വർക്കിംഗ് ഗ്രൂപ്പ് രൂപീകരണം, വികസന രേഖ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എന്നിവ എസ് നം 72/2017 തസ്വ ഭ വ തീയതി 29/3/2017 & എം. എസ്. നം. 10/2017 ത.സ്വ.ഭ.വ. തീയതി 09/01/2017 എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവുകളിൽ നിർദ്ദേശിച്ചവിധം പദ്ധതി ആസൂത്രണത്തിന്റെ ആദ്യഘട്ട പ്രവർത്തനങ്ങളായ ആസൂത്രണ സമിതിയും ,വർക്കിംഗ് ഗ്രൂപ്പുകളും 23-01-2017 ന് രൂപീകരിച്ചിട്ടുണ്ട് .ആസൂത്രണ സമിതിയിൽ 12 അംഗങ്ങൾ ഉൾപ്പട്ടിട്ടുണ്ട് -ഈ ആസൂത്രണസമിതി 2017-18 പദ്ധതിയുമായി ബന്ധപ്പെട്ട് 27.02.2017ന് യോഗം ചേരുകയുണ്ടായി.പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

വികസനരേഖ തയ്യാറാക്കൽ

മാർഗ്ഗരേഖ 09-01-2017 ലെ ജി. ഒ. (എം. എസ്.) 10/2017 ത.സ്വ.ഭ.വ. ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരം വികസനരേഖ തയ്യാറാക്കിയിട്ടുണ്ട്.

പദ്ധതി ആസൂത്രണ ഗ്രാമസഭ

ഗ്രാമസഭ യോഗം ചേർന്ന് പദ്ധതി ആസൂത്രണപ്രവർത്തനങ്ങളും ഗുണഭോക്തൃ തെരഞ്ഞെടുപ്പും നടത്തണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്.ചെമ്മനാട് ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ 4/2017 മാസത്തിൽ പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട ഗ്രാമസഭകളും 7/2017മാസത്തിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഗ്രാമസഭകളും ചേർന്നിട്ടുണ്ട്.മറ്റു ഗ്രാമസഭകൾ11/2017, 2/2018മാസങ്ങളിൽ ചേരുകയുണ്ടായി.

ഊരുക്കൂട്ടം

പട്ടികവർഗ ഉപപദ്ധതി പ്രകാരം വിഹിതം ലഭിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഊരുക്കൂട്ടയോഗം ചേർന്ന് വേണം ആസൂത്രണപ്രവർത്തനങ്ങളും ഗുണഭോക്തൃ തെരഞ്ഞെടുപ്പും നടത്തേണ്ടത് എന്നത് നിർബന്ധ വ്യവസ്ഥയാണ്.ഗ്രാമപഞ്ചായത്തിൽ TSPഫണ്ടുപയോഗിച്ച് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ഊരുക്കൂട്ടം4/2017 മാസങ്ങളിൽ ചേരുകയുണ്ടായി..

ഭിന്നശേഷി വിഭാഗക്കാരുടെ യോഗം

ഭിന്നശേഷി വിഭാഗക്കാരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്തു അവരുടെ പ്രശ്നങ്ങൾക്ക് പ്രൊജക്റ്റ് രൂപപെടുത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അവരുടെ പ്രത്യക യോഗം ചേരണമെന്ന് പദ്ധതി മാർഗരേഖ പ്രകാരം വ്യവസ്ഥയുണ്ട്. ഇത് പ്രകാരംഭിന്നശേഷി വിഭാഗക്കാരുടെ യോഗം 08.5..2017തീയതിയിൽ ചേരുകയുണ്ടായി..

വയോജനങ്ങളുടെ ഗ്രാമസഭ

വയോജനങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് അവരുടെ പ്രശ്നങ്ങൾക്ക് പ്രൊജക്റ്റ് രൂപപെടുത്താൻ വയോജനങ്ങളുടെ ഗ്രാമസഭ 08.05.2017തീയതിയിൽ ചേരുകയുണ്ടായി..

വികസന സെമിനാർ -

25-05-2017 ന് ഏക ദിന സെമിനാർ സംഘടിപ്പിച്ചിട്ടുണ്ട് ഇതിൽ 171 പേർ പങ്കെടുക്കുകയുണ്ടായി. വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ സെമിനാറിൽ ഗ്രൂപ്പ് ചർച്ച നടത്തുകയുണ്ടായി.

വാർഷീക പദ്ധതി അംഗീകാരം -

2017-18 വാർഷീക പദ്ധതികൾ 15-05-2017ന് മുൻപ് അംഗീകാരം നേടി 01/04/2017 മുതൽ നിർവ്വഹണം ആരംഭിക്കണമെന്ന നിർദ്ദേശമുണ്ടങ്കിലും വാർഷീക പദ്ധതി അന്തിമമായി അംഗീകരിച്ചത് 27.05.2017 നാണ് ( പഞ്ചായത്ത് ഭരണ സമിതി തീരുമാന നമ്പർ 1(1)/2017)- ജില്ലാ ആസൂത്രണ സമിതി 09.06.2017 തീയ്യതിയിൽ വാർഷീക പദ്ധതികൾക്ക് അംഗീകാരം നല്കിയിട്ടുണ്ട് . 28-02-2018ന് ജില്ലാ ആസൂത്രണ സമിതി പദ്ധതികൾക്ക് അന്തിമ അംഗീകാരം നൽകുകയുണ്ടായി.

ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ വിവരം ചുവടെകൊടുക്കുന്നു

| | |
|---|---|
| ആകെപ്രോജക്ടുകൾ | 430 |
| പുതിയ പ്രോജക്ടുകൾ | 282 |
| സ്പിൽ ഓവർ പ്രോജക്ടുകൾ | 148 |

അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരം

2017-18 സാമ്പത്തിക വർഷം ആകെ 430പദ്ധതികൾക്ക് അംഗീകാരം ലഭിച്ചെങ്കിലും202പദ്ധതികൾ മാത്രമാണ് തൻവർഷം നടപ്പിലാക്കിയത്. അതായത് അംഗീകാരം ലഭിച്ച പദ്ധതികളുടെ46.97% മാത്രമാണ് നടപ്പിലാക്കിയത്.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 2017-18 | 430 | 202 | 6,23,35,105 | 0 | 228 | 46.97 |

പൂർത്തിയാക്കാതെ ഉപേക്ഷിച്ച പദ്ധതികളുടെ വിവരം

ഇല്ല

മോണിറ്ററിങ്ങ്

പ്രോജക്ടുകളുടെ മോണിറ്ററിംഗിനായി പദ്ധതി രൂപീകരണത്തിനു ശേഷം അതത് വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണോദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതുമാണ്.

കൂടാതെ പ്രോജക്ട് നിർവഹണം പൂർത്തിയാകുമ്പോൾ നിർവഹണോദ്യോഗസ്ഥൻ ഒരു പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കേണ്ടതും ഇതിൽ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ് (2017-18 പദ്ധതി മാർഗരേഖ ഖണ്ഡിക 14.6, 14.7, 14.8 എന്നിവ കാണുക). കൃത്യമായ മോണിറ്ററിംഗ് നടക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവകൾ | ₹6,539 | ₹17,38,753 | ₹17,45,292 | ₹17,38,015 | ₹7,277 |
| ഗുണഭോക്താക്കൾ നേരിട്ട് നൽകുന്നത് | 0 | ₹2,43,27,544 | ₹2,43,27,544 | ₹2,43,27,544 | 0 |
| ആകെ | ₹6,539 | ₹2,60,66,297 | ₹2,60,72,836 | ₹2,60,65,559 | ₹7,277 |

## 1-8 ക്ഷേമപദ്ധതികൾ

| വർഷം | ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 2017-18 | തൊഴിൽ രഹിത വേതനം | 7,440 | 5 |
| | കർഷകതൊഴിലാളി പെൻഷൻ | 27,61,700 | 229 |
| | വിധവാ പെൻഷൻ | 2,43,16,600 | 1,963 |
| | വാർദ്ധക്യകാല പെൻഷൻ | 2,59,41,700 | 1,950 |
| | വികലാംഗ പെൻഷൻ | 91,07,600 | 737 |
| | അവിവാഹിത പെൻഷൻ | 2,27,300 | 26 |
| | വിവാഹ ധനസഹായം | 7,80,000 | 26 |

## 1-9 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-12-2018 തീയതിയിൽ 3.00pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാനിധ്യത്തിൽ നടത്തുകയുണ്ടായി.ക്യാഷ് ബാലൻസായ 13,634/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

(1)ആസ്തികളുടെ പരിപാലനം-പഞ്ചായത്തിൻെറ തനത് ആസ്തികൾ വാങ്ങുന്നതിൽ പ്രോക്യൂർമെൻെറ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും വാങ്ങലിൻെറ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കപ്പെടുന്നില്ല. നിലവിലെ ആസ്തികളുടെ സംരക്ഷണം സംബന്ധിച്ച് പരിശോധിച്ചതിൽ ആസ്തികൾ നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. നിലവിൽ വാങ്ങിയ ആസ്തികളുടെ ഗ്യാരൻെറി, വാറൻെറി എന്നിവ സംബന്ധിച്ച് മോണിട്ടറിങ് ഇല്ല. എല്ലാ ആസ്തികൾക്കും നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. തെരുവ് വിളക്ക് സംബന്ധിച്ച് സ്റ്റാറ്റസ്റിപ്പോർട്ട് അപൂർണ്ണമാണ്. ആയതിൻെറ ആസ്തി രജിസ്റ്റർ ഇലക്ട്രിക്ക് പോസ്റ്റുകൾക്ക് നമ്പറിങ് നടത്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. ആയതിനാൽ വാറൻെറിയുള്ള ലൈറ്റുകൾ ഫിറ്റ് ചെയ്യാൽ അവ ഏതാണെന്ന് മനസ്സിലാക്കുന്നതിനും റിപ്പയർ നടത്താനും സംവിധനം ഇല്ല. നിലവിൽ ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ വൻ തുക നൽകിവരുന്നുണ്ട്. സംയുക്ത പരിശോധന നടത്തി കൃത്യമായ വിവരത്തിൻെറ അടിസ്ഥാനത്തിൽ ഇലക്ട്രിസിറ്റി ചാർജ്ജ് ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി പൊതു ടാപ്പുകളുടെ കൃത്യത പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

(2)രജിസ്റ്ററുകളുടെ സൂക്ഷിപ്പ്-ജീവനക്കാരുടെ വിവരങ്ങൾ അടങ്ങുന്ന ഇൻകുമ്പൻസി രജിസ്റ്റർ എഴുതിസൂക്ഷിക്കുന്നില്ല. നിശ്ചിത ജോലിവിഭജനം സംബന്ധിച്ച് അതാത് സെക്ഷനുകൾ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ സംബന്ധിച്ച് ഓഫീസ് ഓർഡർ തയ്യാറാക്കിയത് പാലിക്കപ്പെടുന്നില്ല. സെക്ഷനുകൾ പേഴ്സണൽ രജിസ്റ്റർ എഴുതി പ്രതിമാസ സാക്ഷ്യപ്പെടുത്തൽ നടത്തി സൂക്ഷിക്കുന്നില്ല. ആയതിനാൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കേണ്ട സേവനങ്ങൾ യഥാസമയം ലഭ്യമാവുന്നുണ്ടോ എന്നത് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഭരണസമിതി ഈ കാര്യത്തിൽ അടിയന്തിര നിർദ്ദേശം നൽകേണ്ടതാണ്.

(3)മേൽ നോട്ടം- ഭരണസമിതി തലത്തിലും, ജീവനക്കാരുടെ മേൽനോട്ടത്തിന് നിർദ്ധേശിക്കപ്പെട്ടവർ ആയത് സംബന്ധിച്ച് രേഖപ്പെടുത്തലുകൾ നടത്താത്തതിനാൽ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഉദാ- ഓരോദിവസത്തേയും ഫയലുകളുടെ നീക്കങ്ങൾ പരിശോധിക്കാൻ പി.ആർ എഴുതി പ്രതിമാസം സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഇത് പാലിക്കപ്പെടുന്നില്ല. ദിവസവേതനക്കാരെ നിയമിക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതും കരാർ വെയ്ക്കേണ്ടതുമാണ്.

(4)ഫ്രണ്ട് ഓഫീസ് സംവിധാനം-പി.ആർ എഴുതി സൂക്കിക്കാത്തതിനാൽ സേവനങ്ങൾ യഥാസമയം ലഭ്യമാവുന്നുണ്ടോ എന്നത് പരിശോധിക്കാൻ സാധിക്കുന്നില്ല. ദിവസവേതനക്കാരെ ഫ്രണ്ട് ഓഫീസിൽ നിയോഗിക്കുന്നത് ഒഴിവാക്കേണ്ടതാണ്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിരജിസ്റ്റർ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്,

(5)പരാതികൾ രജിസ്റ്റർ ചെയ്ത് യഥാസമയം നടപടി സ്വീകരിക്കൽ-പരാതി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നെണ്ടങ്കിലും ആയത് ആവശ്യക്കാർ ലഭ്യമാവുന്നതരത്തിൽ സൂക്ഷിക്കുന്നില്ല. കൃത്യമായ ഫയലിങ് സിസ്റ്റം ഇല്ലാത്തതിനാൽ ലഭ്യമായ പരാതികൾ യഥാസമയം നടപടി സ്വീകരിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കാൻ സംവിധാനമില്ല

(6)ഓഫീസ് യോഗങ്ങൾ-നിശ്ചിത ഇടവേളകളിൽ ഓഫീസ് യോഗങ്ങൾ, സ്റ്റാൻെറിങ് കമ്മിറ്റിയോഗങ്ങൾ എന്നിവചേരുന്നില്ല. ചേരുന്ന യോഗങ്ങളിൽ തീരുമാനങ്ങളുടെ സംക്ഷിപ്തം മാത്രമാണ് എഴുതി സൂക്ഷിക്കുന്നത്. ഓഫീസ് മീറ്റിങ്ങുകൾ കൃത്യമായ ഇടവേളകളിൽ നടത്തി ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ

ഉണ്ടാവേണ്ടതും ആയത് മോണിട്ടറിങ്ങ് നടത്തേണ്ടതുമാണ് ,

(7)ഫയലുകളിലും മറ്റും യഥാസമയം നടപടി സ്വീകരിക്കൽ -പഞ്ചായത്തിലെ മുൻ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ നിലനിൽക്കുന്ന ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ തുടർ നടപടി, നിയമസഭ സമിതിയുടെ പരിഗണനയിലുള്ള പരാമർശങ്ങൾ എന്നിവ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളിന്മേലും തുടർനടപടി സ്വീകരിക്കുന്നില്ല.

മറ്റ് പ്രസക്തമായവ-പഞ്ചായത്തിന് പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും ഉള്ളവ വർദ്ധിപ്പിക്കുന്നതിനുമുള്ള തീരുമാനങ്ങളെടുത്ത് നടപ്പിലാക്കുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ ഭാഗത്ത് നിന്ന് നടപടി ഉണ്ടായിട്ടില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ, പരസ്യ നികുതി ഉൾപ്പെടെയുള്ളവ, കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല. സർക്കാർ തൊഴിൽ മേഖലയിൽ മിനിമം കൂലി നിശ്ചയിച്ച് ഉത്തരാവായിട്ടുള്ളതിനാൽ ആയതിൻെറ അടിസ്ഥാനത്തിൽ തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കാൻ നടപടി ഉണ്ടാവേണ്ടതുണ്ട്.

## 1-11 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് | 19-12-2017 | 2012-13 മുതൽ 2016-17വരെ | 25/05/2018 |
| പെർഫോമെൻസ് ഓഡിറ്റ് | 16.05.2018 | 3/2018 മുതൽ 4/2018വരെ | 31.05.2018 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സേവനങ്ങൾ നൽകുന്നതിന്നിന് നിയമപ്രകാരമുള്ള ഉപനികുതിഈടാക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 200(2) പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയി ട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. 14.01.2011 ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 82 ൽ, 2011

ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എസ്.ആർ.ഒ. നമ്പർ 37/2011 ആയി സർക്കാർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം-27 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ഈടാക്കേണ്ട സേവന ഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ എത്രയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം-29 പ്രകാരം പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സേവന ഉപനികുതി ഈടാക്കുന്നതിനായി പഞ്ചായത്തിൽ ഓഡിറ്റ് കാലയളവ് വരേയും നടപടി ക്രമങ്ങൾ പൂർത്തീകരിച്ചില്ല. 2017-18സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും ഏർപ്പെടുത്തിയ സേവനങ്ങൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഏർപ്പെടുത്തിയ സേവനങ്ങൾ | ചെലവഴിച്ച തുക |
|---|---|
| തെരുവ് വിളക്ക് | ₹22,25,766 |
| പൊതു ടാപ്പുകൾ | ₹4,47,000 |
| ആകെ | ₹26,72,766 |

സേവനങ്ങൾ നൽകുന്നതിന്നിന് നിയമപ്രകാരമുള്ള ഉപനികുതി ഈടാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 2-2 കെട്ടിടനിർമ്മാണ അപേക്ഷ തീർപ്പാക്കൽ / അപേക്ഷ രജിസ്റ്ററിന്റെ സൂക്ഷിപ്പ് എന്നിവയിലെ അപാകതകൾ-

കെട്ടിട നിർമ്മാണ അപേക്ഷകൾ സ്വീകരിക്കുന്നതിലും, തുടർ നടപടികൾ കൈക്കൊള്ളുന്നതിലും കൂടുതൽ വ്യക്തതയും സുതാര്യതയും കാര്യക്ഷമതയും ഉണ്ടാകുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് 02.12.2015-ൽ തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 12900/ആർ.എ1/2015/ ത.സ്വ.ഭ.വ. നമ്പർ സർക്കുലറിലെ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല.

(1).ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കപ്പെടുന്ന എല്ലാ കെട്ടിട നിർമ്മാണ അപേക്ഷകളും (അപൂർണ്ണമോ അപാകതയുള്ളതോ ആയ അപേക്ഷകൾ ഉൾപ്പെടെ), ഫ്രണ്ട് ഓഫീസിൽ നൽകുന്ന കറണ്ട് നമ്പറിന്റെ ക്രമത്തിൽ തന്നെ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. രജിസ്റ്ററിലെ ബന്ധപ്പെട്ട കോളങ്ങളിൽ അപേക്ഷ സംബന്ധമായ മുഴുവൻ വിവരങ്ങളും വ്യക്തമായും പൂർണ്ണമായും വൃത്തിയായും രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള ക്രമം പാലിക്കുന്നില്ല. (ഉദാ. 06.05.2017 ൽ ലഭിച്ചിരിക്കുന്ന കറണ്ടുകൾ 3689, 3674 എന്ന ക്രമത്തിലാണ് ചേർത്തിരിക്കുന്നത്).

(2).ഫ്രണ്ട് ഓഫീസിൽ നിന്നു നൽകുന്ന കറണ്ട് നമ്പറിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണ ഫയലിന് നമ്പർ നൽകേണ്ടതാണ്. പിന്നീട് പ്രസ്തുത ഫയലിലുണ്ടാകുന്ന വിനിമയങ്ങൾ, നോട്ടീസുകൾ, ഉത്തരവുകൾ, നടപടിക്രമങ്ങൾ, പെർമിറ്റ്, ഒക്യൂപ്പൻസി മുതലായവയെല്ലാം ഈ ഫയൽ നമ്പറിൽ നിന്നാണുണ്ടാകേണ്ടത്. കെട്ടിട നിർമ്മാണ അപേക്ഷാ ഫയലിൽ നോട്ടു ഭാഗവും കറസ്പോണ്ടൻസ് ഭാഗവും ഉണ്ടായിരിക്കേണ്ടതാണ്. ഇവയിൽ രേഖപ്പെടുത്തലുകൾ, ഫയൽ സംബന്ധമായ വിവരങ്ങൾ, മറ്റു രേഖകൾ എന്നിവ ക്രമാനുഗതമായി ഫയൽ നമ്പർ, പേജ് നമ്പർ

എന്നിവ രേഖപ്പെടുത്തി ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമല്ല ഗ്രാമപഞ്ചായത്തിലെ പെർമിറ്റ് ഫയലുകൾ സൂക്ഷിച്ചിട്ടുള്ളത്.

(3).കുറിപ്പുകൾ അപേക്ഷയിൽ തന്നെ എഴുതുന്ന രീതി പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. ഫയൽ പേജുകൾ ശരിയായ സമയക്രമത്തിൽ റ്റാഗ് ചെയ്ത് ചേർക്കേണ്ടതാണ്. നോട്ട് ഫയലിന്റെ എല്ലാ പേജിലും ഫയൽ നമ്പരും, പേജു നമ്പരും രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഇപ്രകാരമല്ല ഫയലുകൾ സൂക്ഷിച്ചിട്ടുള്ളത്.

(4).അപേക്ഷകൾ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായി സൂക്ഷ്മ പരിശോധന നടത്തേണ്ടതും, എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവ്വേ നമ്പർ, വിസ്തീർണ്ണം, വില്ലേജ് എന്നിവയും കെട്ടിടത്തിന്റെ കൈവശഗണം/ഉപയോഗം, വിസ്തീർണ്ണം, എഫ്.എ.ആർ, നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ് മുതലായ വിവരങ്ങൾ, നിർദ്ദിഷ്ട നിർമ്മാണം കെട്ടിട നിയമങ്ങളും മറ്റനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടോയെന്നുള്ള വിശദമായ അഭിപ്രായം എന്നിവ ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ എഞ്ചിനീയറിംഗ് വിഭാഗം പരിശോധന നടത്തി അപേക്ഷയിൽ തന്നെ 'നിർമ്മാണം കെ.പി.ബി.ആർ ചട്ടങ്ങൾക്ക് വിധേയമാണ് / അല്ല എന്ന് രേഖപ്പെടുത്തി സെക്ഷന് നൽകുകയാണ് ചെയ്യുന്നത്. സർവ്വേ നമ്പർ, വിസ്തീർണ്ണം, വില്ലേജ്, കൈവശഗണം/ഉപയോഗം, വിസ്തീർണ്ണം, എഫ്.എ.ആർ, നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ് മുതലായ വിവരങ്ങൾ എന്നിവയൊന്നും സൂക്ഷ്മ പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ രേഖപ്പെടുത്തുന്നില്ല.

(5).അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസമുണ്ടെങ്കിൽ കാരണം രജിസ്റ്ററിലും ഫയലിലും വ്യക്തമായിരിക്കേണ്ടതാണ്. യഥാസമയം അപേക്ഷകന് നോട്ടീസ് നൽകേണ്ടതും ഇതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്. നോട്ടീസ് സംബന്ധിച്ച് ഫയലിലെ നോട്ട് ഭാഗത്തും, കെട്ടിട നിർമ്മാണ രജിസ്റ്ററിലും രേഖപ്പെടുത്തലുകൾ ഉണ്ടായിരിക്കേണ്ടതാണ്. കെട്ടിടനിർമ്മാണ നിയമങ്ങൾ അനുശാസിക്കുന്ന രീതിയിൽ കെട്ടിടനിർമ്മാണ അപേക്ഷകളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ തീരുമാനമെടുക്കേണ്ടതാണ്. എന്നാൽ ചില അപേക്ഷകൾ തീർപ്പാക്കുന്നതിൽ അകാരണമായ കാലതാമസം വന്നിട്ടുണ്ട്. കൂടാതെ കെട്ടിട നിർമ്മാണ പെർമ്മിറ്റ് രജിസ്റ്ററിൽ മുൻ വർഷങ്ങളെയടക്കം നിരവധി അപേക്ഷകൾ തീർപ്പ് കല്പിക്കാതെ നിലനില്ക്കുന്നതായി കാണുന്നു.

(6).കെട്ടിട അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ നിർമ്മാണാനുമതിയുടെ 3 വർഷം സാധുതാ കാലയളവ് അവസാനിച്ചതിനു ശേഷവും അനവധി കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരം രേഖപ്പെടുത്താതെയും നിർമ്മാണാനുമതികൾ നീട്ടി നൽകാതെയും പുതുക്കാതെയും തുടരുന്നതായി കാണുന്നു. ഈ കെട്ടിടങ്ങൾ പൂർത്തീകരിച്ചതായോ, നിർമ്മാണാനുമതിയുടെ സാധുതാ കാലയളവിനുള്ളിൽ അനുമതി നീട്ടി നൽകിയതായോ സാധുതാ കാലവളവ് അവസാനിച്ച ശേഷം അനുമതി പുതുക്കിയതായോ രേഖപ്പെടുത്തിയിട്ടില്ല. സാധുതാ കാലയളവ് അവസാനിച്ച ശേഷവും പുതുക്കാതെയും കാലാവധി നീട്ടി നൽകാതെയും തുടരുന്ന കെട്ടിട നിർമ്മാണ അനുമതികളിന്മേൽ പഞ്ചായത്ത് യാതൊരു നടപടികളും കൈക്കൊണ്ടിട്ടില്ല .

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം.16/22.12.2018). മേൽ അപാകതകൾക്കും, കെട്ടിട നിർമ്മാണ അപേക്ഷകൾ സ്വീകരിക്കുന്നതിലും, തുടർ നടപടികൾ കൈക്കൊള്ളുന്നതിലും പരാമർശിത ഉത്തരവിലെ

നിർദ്ദേശങ്ങൾ പാലിക്കാത്തതിനും വിശദീകരണം നല്കേണ്ടതാണ്.

## 2-3 നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് - വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേക നമ്പർ നൽകി അവയെ സംബന്ധിച്ച വിവരങ്ങൾ ഫോറം നമ്പർ 10 ൽ ഉള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം നിയമാനുസൃതമല്ല എന്ന് സൂചിപ്പിക്കുന്ന യു.എ. എന്ന് ചേർത്ത് പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയ വർഷം കണ്ടെത്തി നമ്പർ അനുവദിക്കേണ്ടതാണ്.ഇപ്രകാരം അനുവദിക്കപ്പെട്ട യു.എ(അൺ ഓതറൈസ്ഡ്) നമ്പർ മറ്റ് യാതൊരു ആവശ്യങ്ങൾക്കും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു. ഇപ്രകാരം നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളിൽ നിന്നും നിയമപ്രകാരമുള്ള കെട്ടിട നികുതിയും അതിന്റെ 2 ഇരട്ടിയും കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കി ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ അനധികൃത നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ 14 വാണിജ്യ കെട്ടിടങ്ങളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ കെട്ടിടങ്ങൾക്ക് യു.എ(അൺ ഓതറൈസ്ഡ്) നമ്പർ നൽകി നികുതി ഈടാക്കുന്നില്ല. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം-22/22.12.2018).

## 2-4 ബി ഒ ടി ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് - വസ്തു നികുതി ,കൺസഷൻ ഫീസ് എന്നിവ ഈടാക്കാത്തത് സംബന്ധിച്ച്

ബി.ഒ.ടി. വ്യവസ്ഥയിൽ നിർമ്മിച്ച ചെർക്കള ബസ് സ്റ്റാന്റ് കം കോംപ്ലക്സ് സ്ഥിതി ചെയ്യുന്നത് ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലാണ്. 5249 m2 തറ വിസ്തീർണ്ണമുള്ള പ്രസ്തുത കെട്ടിടത്തിൽ നിന്നും വസ്തു നികുതി ഗ്രാമ പഞ്ചായത്ത് ഈടാക്കുന്നില്ല. എഗ്രിമെന്റ് നം.01/19.06.2004 പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും കരാറുകാരനും തമ്മിൽ ബി.ഒ.ടി വ്യവസ്ഥയിൽ കൺസഷൻ എഗ്രിമെന്റ് ഒപ്പിട്ടിരുന്നു. ബസ് സ്റ്റാന്റ് യൂസർഫീ, എൻട്രൻസ് ഫീ ,വാടക, ഡെപ്പോസിറ്റ് എന്നിവ വാങ്ങാൻ കൺസഷൻ എഗ്രിമെന്റ് 6-ാം അധ്യായ പ്രകാരം കരാറുകാരന് അധികാരമുണ്ട്. എന്നാൽ കൺസഷൻ എഗ്രിമെന്റിൽ പഞ്ചായത്തിൽ വസ്തു നികുതി അടക്കുന്നതിൽ നിന്നും ബി ഒ ടി ബസ് സ്റ്റാന്റ് കം കോംപ്ലക്സിനെ ഒഴിവാക്കിയിട്ടില്ല.

25-10-2004 ന് ഭൂമി വിലയായി ഗ്രാമ പഞ്ചായത്ത് 5,00,000/-രൂപ കേരള സർക്കാർ റവന്യൂ വകുപ്പ് ഉത്തരവ് പ്രകാരം ഒടുക്കിയതിന് ശേഷമാണ് പഞ്ചായത്ത് സെക്രട്ടറിയും അസിസ്റ്റന്റ് എഞ്ചിനീയറും(റോഡ് ഡിവിഷൻ, കാസർഗോഡ്)എഗ്രിമെന്റ് ഒപ്പിട്ടത്. ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും കരാറുകാരനും തമ്മിലുണ്ടാക്കിയ ബി ഒ ടി വ്യവസ്ഥയിലുള്ള കൺസഷൻ എഗ്രിമെന്റിൽ കരാറുകാരൻ പഞ്ചായത്തിനു ലഭിക്കേണ്ടതായ എല്ലാ നികുതികളും അടക്കുവാൻ ബാധ്യസ്ഥനാണെന്ന് വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗമായ വസ്തു നികുതി അടക്കുന്നതിൽ നിന്നും ഇവിടെ കരാറുകാരനെ ഒഴിവാക്കിയതായി കാണുന്നു. ആയതിന് വിശദീകരണം നല്കേണ്ടതാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 242(3)പ്രകാരം യഥാസമയം നടപടി എടുക്കുന്നതിലുണ്ടായ വീഴ്ച

മൂലം പഞ്ചായത്തിനു കിട്ടേണ്ടതായ ഏതെങ്കിലും നികുതിയോ, മറ്റ് സംഖ്യയോ കാലഹരണപ്പെട്ടുകയും നിയമാനുസൃതമായ അന്വേഷണത്തിൽ അത് നഷ്ടപ്പെട്ടത് ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ വീഴ്ചമൂലമാണെന്ന് കാണുകയും ചെയ്താൽ അങ്ങിനെ പഞ്ചായത്തിന് ലഭിക്കേണ്ടതായ തുക 12% പലിശ സഹിതം ആ ഉദ്യോഗസ്ഥനിൽ നിന്നോ ഉദ്യോഗസ്ഥൻമാരിൽ നിന്നോ ഈടാക്കേണ്ടതാണ്.

ബി. ഒ. ടി. വ്യവസ്ഥയിൽ ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് നിർമ്മിച്ച ബസ് സ്റ്റാന്റ് കം കോംപ്ലക്സിന്റെ കൺസഷൻ എഗ്രിമെന്റ് നിർമ്മാണ വേളയിൽതന്നെ ഒപ്പിട്ടിരുന്നു. ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും കരാറുകാരനും തമ്മിൽ നം.01/04-05 തീയ്യതി 19-0-2004പ്രകാരംബി.ഒ.ടി. വ്യവസ്ഥയിൽ കൺസഷൻ എഗ്രിമെന്റ് ഒപ്പിട്ടിരുന്നു. ഈ കൺസഷൻ എഗ്രിമെന്റിലെ ഖണ്ഡിക 7.1.2 ൽ എഗ്രിമെന്റ് ഒപ്പിട്ടതിന് ശേഷം 7-ാം വർഷം മുതൽ 25,000/-രൂപ വാർഷിക കൺസഷൻ ഫീസായി കരാറുകാരൻ പഞ്ചായത്തിൽ അടക്കുവാനും പിന്നീട് വരുന്ന ഓരോ വർഷവും 2% നിരക്ക് വർദ്ധനവേടെയും ഫീ ഈടാക്കുവാനും വ്യവസ്ഥ ചെയ്തിരുന്നു. അക്കൗണ്ടിംഗ് വർഷത്തിലെ ഭാഗികമായ ദിവസങ്ങൾക്ക് ആനുപാതികമായ ഫീ ഈടാക്കുവാനും കരാറിൽ വ്യവസ്ഥ ചെയ്തിരുന്നു. 19-06-2004 – ൽ ഏഗ്രിമെന്റ് ഒപ്പിട്ടിരിക്കുന്ന സാഹചര്യത്തിൽ 18-06-2010 മുതൽ കൺസഷൻ ഫീ ഈടാക്കേണ്ടതായിരുന്നു. 2011-12 സാമ്പത്തിക വർഷം 25,000/- രൂപയുടെ 2% വർദ്ധനവോടെ 25,500/-രൂപയും തുടർന്ന് ഓരോ വർഷവും 2% നിരക്ക് വർദ്ധനവേടെയും ഫീ ഈടാക്കേണ്ടതായിരുന്നു. എന്നാൽ ഈ തുക ഈടാക്കിയതായി കാണുന്നില്ല. കരാറുകാരനിൽ നിന്നും കൺസഷൻ എഗ്രിമെന്റു പ്രകാരം തുക ഈടാക്കാത്തതിന്റെ കാരണവും ഇത് സംബന്ധിച്ച രേഖകളും ഓഡിറ്റ് എൻക്വയറി നമ്പർ 14/2017-18 തീയതി 22.12.2018 പ്രകാരം സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്ന എന്നാൽ ഇത് സംബന്ധിച്ച് സെക്രട്ടറിയിൽ നിന്നും രേഖാമൂലം യാതൊരു മറുപടിയും ലഭിച്ചിട്ടില്ല. ആയതുകൊണ്ട് കൺസഷൻ എഗ്രിമെന്റ് വ്യവസ്ഥ പ്രകാരം ഈടാക്കേണ്ടിയിരുന്ന കൺസഷൻ ഫീസ് - രൂപ നാളിതുവരെയുള്ള പലിശ സഹിതം ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 തൊഴിൽ നികുതി- പൊതു അപാകതകൾ:

1) തൊഴിൽ നികുതി അടവാക്കിയതിൽ കുറവ്

2017-18 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി റിട്ടേൺസ് പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതിൽ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . വിശദവിവരം ചുവടെ ചേർക്കുന്നു.

| ജീവനക്കാരന്റെ പേരും, തസ്തികയും | സ്ഥാപനം | അർദ്ധ വർഷത്തെ ആകെ വരുമാനം | അടവാക്കേണ്ട നികുതി | അട വാക്കിയ നികുതി | കുറവ് | രസീത് നമ്പർ |
|---|---|---|---|---|---|---|
| ലിതിൻ.എ.വി ഡ്രില്ലിംഗ് അസിസ്റ്റന്റ് | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | ₹1,25,870 | ₹1,250 | ₹1,000 | ₹250 | 1170104764 13-09-2017 |

| | | | | | | |
|---|---|---|---|---|---|---|
| ദുർഗ്ഗ ശാലിനി.വി പാർട്ട് ടൈം ജൂനിയർ സംസ്കൃതം ടീച്ചർ | MAUP സ്കൂൾ കല്ലക്കട്ട | ₹1,36,800 | ₹1,250 | ₹1,000 | ₹250 | 117010104363 23-08-2017 |
| ആകെ | | | | | ₹500 | |

ഓഡിറ്റ് എൻക്വയറി നം.24/24-12-2018 പ്രകാരം മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. കുറവ് വന്ന നികുതി തുക പ്രസ്തുത ജീവനക്കാരനിൽ നിന്നും ഡിമാന്റ് ചെയ്ത് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയത് ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം ഹാജരാക്കേണ്ടതുമാണ്.

2) തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ എഴുതി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2017-18 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി വരവ് ഇനത്തിൽ പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികപ്രരാരം തൊഴിൽ നികുതി വരവ് ഇനത്തിൽ താഴെപ്പറയും പ്രകാരം നികുതി വരവ് ഉണ്ട്.

| വാർഷിക ധനകാര്യ പത്രിക പ്രകാരം ഡിമാന്റ് | വാർഷിക ധനകാര്യ പത്രിക പ്രകാരം കലക്ഷൻ | വ്യത്യസം |
|---|---|---|
| ₹53,79,305 | ₹53,62,805 | ₹16,500 |

തൊഴിൽ നികുതി ഇനത്തിൽ പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികപ്രകാരം ഡിമാന്റ് 53,79,305/-രൂപയും, കലക്ഷൻ 53,62,805/-രൂപയുമാണ് തൊഴിൽ നികുതി വരവ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് വരവ് ഉള്ളത്. എന്നാൽ സ്ഥാപനത്തിൽ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ എഴുതി തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ വരവിന്റെ കൃത്യത കണക്കാക്കാൻ സാധിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.24/24-12-2018 പ്രകാരം മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. അടിയന്തിര നടപടികൾ സ്വീകരിച്ച് തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ എഴുതി തയ്യാറാക്കി ഓഡിറ്റിന്റെ പ്രഥമ മറുപടിയോടൊപ്പം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 2-6 വസ്തു നികുതി വൻ കുടിശ്ശിക.

31.03.2018 ലെ ബാലൻസ് ഷീറ്റ് പ്രകാരം വസ്തു നികുതി തൻ വർഷ പിരിവിൽ 63,61,706/- രൂപ ബാക്കിയുണ്ട്. കൂടാതെ കുടിശ്ശികയിൽ 45,42,140/- രൂപയും പിരിച്ചടുക്കാൻ ബാക്കിയുണ്ട്. 2017-18 വർഷത്തെ വസ്തുനികുതി വരുമാനം 1,71,75,129/- രൂപയാണെങ്കിലും 59,78,358/-രൂപ മാത്രമാണ് പിരിവ്. (പിരിവ് ശതമാനം-34.80%). വസ്തു നികുതി പരിഷ്കരണം പഞ്ചായത്തിൽ പൂർത്തിയായിട്ടുണ്ട്. സഹായക സോഫ്റ്റ് വെയറുകളായ സാംഖ്യ, സഞ്ചയ എന്നിവ ഇന്റഗ്രേറ്റ് ചെയ്ത് സുസജ്ജമായി പ്രവർത്തിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ വസ്തു നികുതിയിനത്തിലെ കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കാനുള്ള ഊർജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്രൊജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കാത്തത് മൂലം പഞ്ചായത്തിന് 2.47 കോടി രൂപ വിനിയോഗിക്കാൻ സാധിച്ചില്ല.

വികസന പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിനായി 2017-18 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് സംസ്ഥാന സർക്കാരിൽനിന്നും വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ലോക ബാങ്ക് ധന സഹായം, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ ആകെ 6.83 കോടി രൂപ (₹ 6,83,40,219/-) അനുവദിച്ചിട്ടുണ്ട്. ഇതിൽ 4.36 കോടി രൂപ (₹ 4,35,61,507/-) മാത്രമാണ് ഗ്രാമ പഞ്ചായത്ത് തൻവർഷം വിനിയോഗിച്ചത്. സമയബന്ധിതമായി പ്രൊജക്ടുകൾ നടപ്പാക്കാത്തതിനാൽ 2.47 കോടി രൂപ (₹ 2,47,78,712/-) വിനിയോഗിക്കാൻ സാധിച്ചില്ല. അതായത് വികസന പ്രവർത്തനങ്ങൾക്ക് ഗ്രാമ പഞ്ചായത്തിന് തൻവർഷം അനുവദിച്ച തുകയുടെ 36.26% തുകയും ചെലവ് ചെയ്യാത്തതിനാൽ ലാപ്സാവുകയാണുണ്ടായത് (ഫണ്ട് വിനിയോഗത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു).

| ഫണ്ടിനം | അനുവദിച്ച തുക(₹) | വിനിയോഗിച്ച തുക(₹) | ലാപ്സായ തുക(₹) | വിനിയോഗ ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2,70,13,253 | 2,03,96,304 | 66,16,949 | 75.50 |
| വികസനഫണ്ട് എസ്.സി.പി | 43,84,321 | 16,41,124 | 27,43,197 | 37.43 |
| വികസഫണ്ട് ടി.എസ്.പി | 33,84,624 | 16,88,880 | 16,95,744 | 49.89 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1,26,76,021 | 79,85,723 | 46,90,298 | 62.99 |
| സംരക്ഷണഗ്രാന്റ് -റോഡ് | 1,50,59,000 | 75,32,495 | 75,26,505 | 50.02 |
| സംരക്ഷണ ഗ്രാന്റ്-നോൺറോഡ് | 58,23,000 | 43,16,981 | 15,06,019 | 74.13 |
| ആകെ | 6,83,40,219 | 4,35,61,507 | 2,47,78,712 | 63.74 |

2017-18 സാമ്പത്തിക വർഷം ആകെ 430 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 202 പദ്ധതികൾ മാത്രമാണ് തൻവർഷം നടപ്പിലാക്കിയത്. അതായത് അംഗീകാരം ലഭിച്ച പദ്ധതികളുടെ 46.97% മാത്രമാണ് നടപ്പിലാക്കിയത്. തൻവർഷം 299 പൊതുമരാമത്ത് പ്രവൃത്തികളാണ് അംഗീകരിച്ച പദ്ധതി പ്രകാരം നടപ്പാക്കേണ്ടിയിരുന്നത് എന്നാൽ 116 മരാമത്ത് പ്രവൃത്തികൾ മാത്രമേ നടപ്പാക്കാൻ സാധിച്ചുള്ളൂ. തൻവർഷം വകയിരുത്തിയ തുകയുടെ 32.7% മാത്രമാണ് അസിസ്റ്റന്റ് എഞ്ചിനീയർ ചെലവഴിച്ചത്. 18.08.2017 മുതൽ 09.01.2018 വരെ ഒരു ഫുൾടൈം എഞ്ചിനിയറുടെ സേവനം ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടില്ല. ഈ കാലയളവിൽ സമീപ പഞ്ചായത്തുകളിലെ അസിസ്റ്റന്റ് എഞ്ചിനിയർമാർക്ക് അധിക ചുമതലയാണുണ്ടായിരുന്നത്. സ്ഥിരമായി ഒരു എഞ്ചിനിയറുടെ സേവനം ലഭ്യമല്ലാത്തതിനാൽ ഏപ്രിൽ മുതൽ ഡിസംബർ മാസം വരെ പദ്ധതി നിർവഹണം മന്ദഗതിയിലായിരുന്നു. നിർവ്വഹണോദ്യോഗസ്ഥന്മാരായ സെക്രട്ടറി തൻവർഷം വകയിരുത്തിയ തുകയുടെ 62.02% മാത്രമാണ് ചെലവഴിച്ചത്, തൻവർഷം നിർവ്വഹണത്തിനുണ്ടായിരുന്ന 64 പ്രൊജക്ടുകളിൽ 43 പ്രൊജക്ടുകൾ മാത്രമാണ് സെക്രട്ടറി നടപ്പാക്കിയത്. അതുപോലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തൻവർഷം വകയിരുത്തിയ തുകയുടെ 52.11% മാത്രമാണ് ചെലവഴിച്ചത്, വെറ്റനറി സർജ്ജൻ വകയിരുത്തിയ തുകയുടെ 48.74% മാത്രമാണ് ചെലവഴിച്ചത്. മേൽ പറഞ്ഞ നിർവ്വഹണോദ്യോഗസ്ഥൻമാരുടെ കുറഞ്ഞ ചെലവു ശതമാനം ഭരണ സമിതിയുടെയും ബന്ധപ്പെട്ട

സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ശ്രദ്ധയിൽപെടുത്തുന്നു.

ഗ്രാമ പഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റ് വികസന ആവശ്യങ്ങൾക്കും വേണ്ടി ഉപയോഗപ്പെടുത്താമായിരുന്ന തുകയാണ് പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമത ഇല്ലായ്മയും വേഗതക്കുറവും കാരണം നഷ്ടപ്പെടാനിടയായത്. ഗ്രാമ സഭകളിൽ നിന്ന് ഉയർന്ന് വരുന്ന ഓരോ പദ്ധതികളും ഫലപ്രദമായി നടപ്പാക്കുന്നത് പഞ്ചായത്തിന്റെ ഉത്തരവാദിത്തമാണ്. പദ്ധതി നിർവ്വഹണത്തിലെ കാര്യക്ഷമത ഇല്ലായ്മ ജനങ്ങളെ ഗ്രാമ സഭകളിൽ നിന്നും, ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നതിൽ നിന്നും പിന്നോട്ട് നിൽക്കുന്നതിന് കാരണമാകുന്നതാണ്. ജനങ്ങളുടെ സഹകരണത്തോടെ ഗ്രാമ സഭകളും വർക്കിങ് ഗ്രൂപ്പുകളുമൊക്കെ ഫലപ്രദമായി ഉപയോഗപ്പെടുത്തി ലഭ്യമായ ഫണ്ടുകൾ മുഴുവൻ വികസന പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സർക്കാർ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കുമനുസരിച്ച് പ്രൊജക്ടുകൾ സമയബന്ധിതമായി രൂപീകരിച്ച് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും, നിർവ്വഹണോദ്യോഗസ്ഥന്മാരും, ജീവനക്കാരും ഒത്തൊരുമിച്ച് പ്രവൃത്തിച്ച് പദ്ധതി പണം മുഴുവൻ ചെലവഴിക്കാൻ ഊർജ്ജിത ശ്രമം നടത്തണ്ടതാണ്.

## 3-2 മരാമത്ത് പ്രവൃത്തികളുടെ ആധിക്യം നിർവ്വഹണത്തെയും നടപടിക്രമങ്ങളെയും ബാധിക്കുന്നു.

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിലെ നിർവ്വഹണദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയർക്ക് 7,32,61,150/- രൂപ ആകെ പദ്ധതി അടങ്കലുള്ള 299 പ്രൊജക്ടുകളാണ് നിർവഹിക്കാനുണ്ടായിരുന്നത്. ഇതിൽ 116 പദ്ധതികളാണ് തൻവർഷം അസിസ്റ്റൻറ് എഞ്ചിനയർ നിർവ്വഹണം നടത്തിയത്. 116 പൊതുമരാമത്ത് പ്രവൃത്തികൾക്കായി 2,39,52,977 രൂപയാണ് നിർവ്വഹണോദ്യോഗസ്ഥൻ ചെലവഴിച്ചത്. അതായത് ആകെ അടങ്കലിൻറെ 32.7% തുക ചെലവഴിച്ചു. പൊതുമരാമത്ത് മേഖലയിൽ 2017-18 വർഷം നിർവഹിക്കാനുണ്ടായിരുന്ന 299 പദ്ധതികളിൽ 103 എണ്ണം സ്പിൽഓവർ പ്രൊജക്ടുകളായിരുന്നു, ഇതിൽ 43 എണ്ണം തൻവർഷം നിർവ്വഹണം നടത്തി. ആകെ നിർവഹണത്തിനുണ്ടായിരുന്ന 196 പുതിയ പ്രൊജക്ടുകളിൽ 73 എണ്ണവും തൻവർഷം നിർവ്വഹണം നടത്തിയിട്ടുണ്ട്.

ഓഡിറ്റ് വർഷം (ക്യാഷ് ബുക്കിലെ വിവരം പ്രകാരം) അസിസ്റ്റൻറ് എഞ്ചിനിയർ പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| മാസം | പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം |
|---|---|
| 4/2017 | 0 |
| 5/2017 | 0 |
| 6/2017 | 0 |
| 7/2017 | 0 |
| 8/2017 | 0 |
| 9/2017 | 0 |
| 10/2017 | 0 |
| 11/2017 | 0 |
| 12/2017 | 0 |
| 1/2018 | 7 |
| 2/2018 | 27 |
| 3/2018 | 82 |
| ആകെ | 116 |

2017-18 വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ ആകെ പദ്ധതി ചെലവിൻറെ 38.43% തുകയും ചെലവഴിച്ചത് അസിസ്റ്റന്റ് എഞ്ചിനിയറാണ്. ഗ്രാമപഞ്ചായത്തിലെ അസിസ്റ്റൻറ് എഞ്ചിനിയറുടെ കാര്യാലയത്തിലെ 2017-18 വർഷത്തെ ജീവനക്കാരുടെ വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനിയർ | 1 | 18.08.2017 മുതൽ 09.01.2018 വരെ ഒരു ഫുൾടൈം എഞ്ചിനിയറുടെ സേവനം ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടില്ല. ഈ കാലയളവിൽ സമീപ പഞ്ചായത്തുകളിലെ അസിസ്റ്റന്റ് എഞ്ചിനിയർമാർക്ക് അധിക ചുമതലയാണുണ്ടായിരുന്നത്. |
| 2 | ഓവർസിയർ ഗ്രേഡ്-3 | 2 | ആകെ അനുവദിച്ച 2 തസ്തികയിൽ ഒരു തസ്തിക 17.07.2017 മുതൽ 17.02.2018 വരെ ഒഴിഞ്ഞുകിടന്നിരുന്നു. |

പരിമിതമായ ജീവനക്കാരെവെച്ചാണ് തൻവർഷം പൊതുമരാമത്ത് മേഖലയിൽ പദ്ധതികൾ നടപ്പിലാക്കിയത്. പദ്ധതികളുടെ ബാഹുല്യവും ജീവനക്കാരുടെ കുറവും പദ്ധതി നിർവ്വഹണത്തിൽ പല അപാകതകൾക്കും കാരണമായിട്ടുണ്ട്. നടപടിക്രമങ്ങളിലെ ചില വീഴ്ചകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതികളുടെ ബാഹുല്യം കാരണം മതിയായ സ്ഥല പരിശോധന കൂടാതെയാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത്. ഉദാഹരണത്തിന് എൻ.എച്ച്. പൊടിപ്പള്ളം ടച്ച് റോഡ് ഇംപ്രൂവ്മെന്റ് (പ്രൊജക്ട് 229/18) എന്ന പ്രവൃത്തിയുടെ ഒറിജിനൽ എസ്റ്റിമേറ്റ് 94 മീറ്റർ നീളത്തിലും 2.5 മീറ്റർ വീതിയിലും റോഡ് പ്രതലം കോൺക്രീറ്റ് ചെയ്യുന്നതിനുള്ളണ്. എന്നാൽ പിന്നീട് പ്രവൃത്തി ആരംഭിച്ചപ്പോൾ റോഡിന് 2.5മീറ്റർ നീളം ഇല്ല എന്ന് മനസ്സിലാക്കിയാതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് റിവൈസ് ചെയ്ത പ്രവൃത്തി നടപ്പാക്കുകയാണുണ്ടായത്. ഇതേപോലെ, ആലംപാടി സുബൻതൊട്ടി ചെറിയാലന്റടി റോഡ് കോൺക്രീറ്റ് (പ്രൊജക്ട് 473/18) എന്ന പ്രവൃത്തിയുടെ ഒറിജിനൽ എസ്റ്റിമേറ്റ് 68.8 മീറ്റർ നീളത്തിലും 3 മീറ്റർ വീതിയിലും റോഡ് പ്രതലം കോൺക്രീറ്റ് ചെയ്യുന്നതിനുള്ളണ്. എന്നാൽ പിന്നീട് പ്രവൃത്തി ആരംഭിച്ചപ്പോൾ റോഡിന് 3 മീറ്റർ നീളം ഇല്ല എന്ന് മനസ്സിലാക്കിയാതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് റിവൈസ് ചെയ്ത പ്രവൃത്തി നടപ്പാക്കുകയാണുണ്ടായത്.

2. ടാറിന്റെ സ്റ്റോക്ക് രജിസറ്റർ സൂക്ഷിച്ചിട്ടില്ല.

2016-17 സാമ്പത്തിക വർഷാവസാനം ഗ്രാമപഞ്ചായത്ത് റോഡ് ടാറിംഗ്, റീടാറിഗ് പ്രവൃത്തികൾക്കായി ടാറും, എമൽക്ഷനും വാങ്ങി ഗുണഭോക്തൃകമ്മിറ്റിയുടെ കൺവീനർമാർക്ക്/കരാറുകാർക്ക് നല്കിയിരുന്നു. എന്നാൽ ടാറിൻറെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. (ഓഡിറ്റ് റിക്വസിഷൻ നം. 3/20.12.2018) പ്രകാരം സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കാൻ ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യയമാക്കിയിട്ടില്ല). പദ്ധതികളുടെ ബാഹുല്യം കാരണം ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന് ഇക്കാര്യങ്ങൾ ശ്രദ്ധിക്കുവാൻ കഴിഞ്ഞിട്ടില്ല.

3.വർക്ക് ഫയലിൽ അനുബന്ധ രേഖകൾ ഇല്ല

പദ്ധതികളുടെ ബാഹുല്യം കാരണം പല ആവശ്യരേഖകളും വർക്ക് ഫയലിൽ സൂക്ഷിച്ചിട്ടില്ല. മിക്ക ഫയലുകളിലും കരാറുമായി/ഗുണഭോക്തൃകമ്മിറ്റിയുടെ കൺവീനർമാരുമായി നിർവഹണോദ്യോഗസ്ഥൻ ഏർപ്പെട്ട കരാറുടമ്പടി അപൂർണ്ണമാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ വർക്ക് ഫയലിൽ എസ്റ്റിമേറ്റിനൊപ്പം സൂക്ഷിക്കേണ്ട ഡാറ്റയും മിക്ക ഫയലിലും ഇല്ല. കരാറുകാർ സ്വന്തം ചെലവിൽ ടാർ വാങ്ങി ചെയ്ത ചില റോഡ് ടാറിംഗ് പ്രവൃത്തികളുടെ ഫയലിൽ കരാറുകാരൻ വാങ്ങിയ ടാറിന്റെയും എമൽഷന്റെയും ബില്ലുകൾ ഉൾപ്പെടുത്തിയിട്ടില്ല (ഉദാഹരണത്തിന് ഉജ്ജംകോട് ചേനപ്രവയൽ റോഡ് റീ ടാറിംഗ് -പ്രൊജക്ട് നം12/18, നെക്രാജെ ഭട്ട്യമൂളി റോഡ് റീ ടാറിംഗ്-പ്രൊജക്ട് നം.26/18, നെക്രാജെ പിലാങ്കട്ട റോഡ് റീ ടാറിംഗ് -പ്രൊജക്ട് നം.27/18).

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് )ചട്ടങ്ങളിലെ ചട്ടം 13(6) പ്രകാരം ഗുണഭോക്തൃകമ്മിറ്റികൾ നടപ്പാക്കിയ പ്രവൃത്തികൾ പൂർത്തികരിച്ചയുടനെ ഗുണഭോക്തൃകമ്മിറ്റിയുടെ വരവ്-ചെലവ് കണക്കുകൾ പഞ്ചായത്തിന് നൽകേണ്ടതാണ്. എന്നാൽ ഗുണഭോക്തൃകമ്മിറ്റികൾ ഏറ്റെടുത്ത് നടപ്പാക്കിയ പല പ്രവൃത്തികളുടെയും വരവ്-ചെലവ്

കണക്കുകളും സബ് വൗച്ചറുകളും വർക്ക് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്തൃകമ്മിറ്റികൾ ഏറ്റെടുത്തു നടപ്പാക്കിയ പല റോഡ് ടാറിംഗ്/ റീ ടാറിംഗ് പ്രവൃത്തിക്കായ് ഗ്രാമപഞ്ചായത്ത് വാങ്ങി നൽകിയ ടാറിന്റെയും, എമൽക്ഷന്റെയും ബില്ലല്ലാതെ മറ്റ് സാധന സാമഗ്രികൾ വാങ്ങിയതിന്റ ബില്ല്, തൊഴിലാളികൾക്ക് വേതനം നൽയതിന്റെ മസ്റ്റർ റോൾ തുടങ്ങിയവ വർക്ക് ഫയലിൽ ലഭ്യമല്ല. (ഉദാഹരണത്തിന് കുട്ടാലക്കൽ ചെന്നന്തല റോഡ് ടാറിംഗ് -പ്രൊജക്ട് നം. 194/18, ചീരാളി അതുക്കുഴി സ്കൂൾ റോഡ് ടാറിംഗ് -പ്രൊജക്ട് നം. 235/18, ബാലടുക്ക കോളിക്കട്ട ലിങ്ക് റോഡ് ടാറിംഗ് -പ്രൊജക്ട് നം. 147/18).

4. പദ്ധതികളിൽ ഭൂരിഭാഗം പൂർത്തീകരിച്ചത് മാർച്ച് മാസത്തിലാണ്. ആകെ 116 മരാമത്ത് പ്രവൃത്തികളാണ് 2017-18 വർഷം ചെയ്തത്. ഇതിൽ 70%-ലേറെ പ്രവൃത്തികളുടെ ചെലവും മാർച്ച് മാസത്തിലാണ് നടത്തയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന് സ്ഥിരമായി ഒരു എഞ്ചിനിയറുടെ സേവനം ലഭ്യമല്ലാത്തതിനാൽ 2017 ഏപ്രിൽ മുതൽ ഡിസംബർ മാസം വരെ പദ്ധതി നിർവഹണം മന്ദഗതിയിലായിരുന്നു. 2017 ഓഗസ്റ്റ് മാസം മുതൽ ഡിസംബർ മാസം വരെ പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾ 1/18, 2/18 എന്നീമാസങ്ങളിലാണ് നൽകിയത്. പദ്ധതി നിർവഹണം അവസാന മാസങ്ങളിലേക്ക് നീട്ടി കൊണ്ടു പോയത് പ്രവൃത്തികളുടെ അളവ് രേഖപ്പെടുത്തൽ ചെക്ക് മെഷർമെൻറ് ചെയ്യൽ എന്നിവയെ സാരമായി ബാധിക്കും. പദ്ധതികളുടെ ബാഹുല്യവും സാമ്പത്തിക വർഷാവസാനം പ്രവൃത്തികൾ തിരക്കിട്ട് നടപ്പാക്കിയതും പ്രവൃത്തികളുടെ കൃത്യമായ വിലയിരുത്തൽ നടത്താതെ അളവ് രേഖപ്പെടുത്തൽ, ചെക്ക് മെഷർമെൻറ് ചെയ്യൽ എന്നിവ നടത്തുന്നതിന് ഇടയാക്കും. സാമ്പത്തിക വർഷവസാനം പദ്ധതികൾ തിരക്കിട്ട് നടപ്പാക്കുന്നത് പ്രവൃത്തികളുടെ ഗുണ നിലവാരത്തെയും ബാധിക്കും.

5. പദ്ധതികളുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

2017-18 വർഷം നടപ്പാക്കിയ പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല. 29.03.2018ലെ സർക്കാർ ഉത്തരവ് നമ്പർ 72/2017/ത.സ്വ.ഭ.വ. പ്രകാരം പദ്ധതികളുടെ മോണിറ്ററിംഗ് വർക്കിംഗ് ഗ്രൂപ്പുകളാണ് നിർവഹിക്കേണ്ടത്. പൊതുമരാമത്ത് മേഖലയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പാണ് മരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് നടത്തേണ്ടത്. പദ്ധതികളുടെ ബാഹുല്യവും സാമ്പത്തിക വർഷാവസാനം പ്രവൃത്തികൾ തിരക്കിട്ട് നടപ്പാക്കിയതും പ്രവൃത്തികളുടെ കൃത്യമായ വിലയിരുത്തലിനും മോണിറ്ററിംഗിനും തടസ്സമായി.

6.ആസ്തികൾ കൃത്യമായി അക്കൌണ്ട് ചെയ്യപ്പെടുന്നില്ല.

2017-2018 വർഷം പുതുതായ് സൃഷ്ടിച്ച ആസ്തികളൊന്നും തന്നെ സചിത്ര സോഫ്റ്റവെയറിൽ തയ്യാറാക്കുന്ന ആസ്തിരജിസ്റ്ററിൽ ചേർത്തിട്ടില്ല. പദ്ധതികളുടെ ബാഹുല്യവും സാമ്പത്തിക വർഷാവസാനം പ്രവൃത്തികൾ കൂട്ടത്തോടെ പൂർത്തീകരിച്ചതും ആസ്തികൾ കൃത്യമായി അക്കൗണ്ട് ചെയ്യുന്നതിന് തടസ്സമായി. മരാമത്ത് പ്രവൃത്തികളുടെ പദ്ധതികളിൽ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ജോലികളും പൂർത്തിയായ പ്രവൃത്തികളുടെ ബില്ലുകൾ തയ്യാറാക്കുന്ന ജോലികളും മാത്രമേ അസിസ്റ്റൻറ് എഞ്ചിനിയറുടെ കാര്യാലയ ത്തിലുണ്ടായിരുന്ന ക്ലാർക്കിന് ചെയ്തുതീർക്കുവാൻ സാധിച്ചിട്ടുള്ളൂ. 2017-2018 വർഷം പുതുതായ് സൃഷ്ടിച്ച ആസ്തികളെല്ലാം ആസ്തിരജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

7. ഓഡിറ്റ് വർഷം നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൻ 49 റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളുണ്ട്. ഇവയിൽ ഭൂരിഭാഗവും 100 മീറ്ററിൽ കുറഞ്ഞ നീളത്തിലാണ് കോൺക്രീറ്റിംഗ് നടത്തിയിട്ടുള്ളത്.

| ക്രമ നം | പ്രവൃത്തിയുടെ പേര് | പദ്ധതി പ്രകാരം കോൺക്രീറ്റ് നടത്തിയ റോഡിൻറെ നീളം |
|---|---|---|
| 1 | പൈക്ക മിത്തടി റോഡ് കോൺക്രീറ്റ് (പ്രൊജക്ട് നം.38/18) | 25 മീറ്റർ |
| 2 | കോയിപ്പാടി കോളനി റോഡ് കോൺക്രീറ്റ് (പ്രൊജക്ട് നം.8/18) | 25 മീറ്റർ |

| | | |
|---|---|---|
| 3 | പടിഞ്ഞാർ മൂല-പുത്തൂർ മുഹമ്മദ്-കുട്ടി അബ്ദുള്ള റോഡ് കോൺക്രീറ്റ് (പ്രൊജക്ട് നം.63/18 ) | 44 മീറ്റർ |
| 4 | കല്ലുവള-കല്ലുവള കുന്നിൽ റോഡ് കോൺക്രീറ്റ് (പ്രൊജക്ട് നം.469/18) | 44 മീറ്റർ |
| 5 | ആലംപാടി വെള്ളരിക്കുണ്ട് റോഡ് കോൺക്രീറ്റ് (പ്രൊജക്ട് നം. 61/18) | 49 മീറ്റർ |
| 6 | സന്തോഷ് നഗർ മാര മസ്ജിദ് ലിങ്ക് റോഡ് കോൺക്രീറ്റ് (പ്രൊജക്ട് നം. 30/18) | 49 മീറ്റർ |

തീരെ ചെറിയ നീളത്തിലുള്ള ഒരു പ്രവൃത്തിക്കുവേണ്ട നടപടിക്രമങ്ങൾ മറ്റ് പ്രവൃത്തികൾക്ക് തുല്യമാണ്. ഇപ്രകാരം ചെറിയ നീളത്തിൽ റോഡ് പ്രവൃത്തി ചെയ്യുന്നതുകൊണ്ട് പൊതുജനങ്ങൾക്ക് കാര്യമായ പ്രയോജനം ലഭിക്കുന്നില്ല. വളരെ ചെറിയ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കാൻ കരാറുകാർക്കും പ്രയാസമാണ്. ആയതിനാൽ ഇങ്ങനെയുള്ള പ്രവൃത്തികൾക്ക് മത്സരാധിഷഠാനത്തിലുള്ള ടെണ്ടർ ഉണ്ടാകുന്നില്ല. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കി പദ്ധതികളുടെ ആവശ്യകത നിർണ്ണയിച്ച് മുൻഗണനാ ക്രമത്തിൽ പദ്ധതികൾ തയ്യാറാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന് ലഭ്യമായ ഫണ്ടുകൾ വാർഡ് അടിസാഥനത്തിൽ വിഭജിച്ച് പദ്ധതികൾ തയ്യാറാക്കുന്നതാണ് പദ്ധതികളുടെ ബാഹുല്യത്തിൻറെ പ്രധാന കാരണം. പദ്ധതികൾ തയ്യാറാക്കുന്നത് യഥാർത്ഥ ആവശ്യം പരിഗണിച്ചല്ല, മറിച്ച് ഫണ്ട് ലഭ്യതയടിസ്ഥാമാക്കിയാണ്. ഉദാഹരണത്തിന് ആലംപാടി സുബൻതൊട്ടി ചെറിയാലന്റടി റോഡ് കോൺക്രീറ്റ് (പ്രൊജക്ട് 473/18) എന്ന പ്രൊജക്ടിനായി 2.5 ലക്ഷം രൂപ അടങ്കലുള്ള പദ്ധതിതയ്യാറാക്കിയിരുന്നു. പ്രവൃത്തിയുടെ ഒറിജിനൽ എസ്റ്റിമേറ്റ് 68.8 മീറ്റർ നീളത്തിലും 3 മീറ്റർ വീതിയിലും റോഡ് പ്രതലം കോൺക്രീറ്റ് ചെയ്യുന്നതിനുള്ളതാണ്. എന്നാൽ പിന്നീട് പ്രവൃത്തി ആരംഭിച്ചപ്പോൾ റോഡിന് 3 മീറ്റർ നീളം ഇല്ല എന്ന് മനസ്സിലാക്കിയാതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പ്രവൃത്തി നടപ്പാക്കുകയാണുണ്ടായത്. റോഡിന്റെ വീതിയിൽ കുറവ് വന്നതിനാൽ 2.5 ലക്ഷം രൂപ അടങ്കലിൽ മാറ്റം വരുത്താതെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം 75.4 മീറ്ററായി നീളം വർദ്ധിപ്പിക്കയുണ്ടായി. ഇതേപോലെ, ചില റോഡ് പ്രവൃത്തികൾ ടെണ്ടർ മുഖേന നിർവഹണം നടത്തുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും പിന്നീട് നിർവഹണം ഗുണഭോക്തൃകമ്മിറ്റികൾ മുഖേന നടപ്പാക്കുന്നതിനായി എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. ഇപ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ കരാറുകാരന്റെ ലാഭമിനത്തിൽ മിച്ചം വന്ന തുകകൂടി ഉൾപ്പെടുത്തി റോഡിന്റെ നീളം കൂട്ടിയാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ചെയ്ത് പ്രവൃത്തി ചെയ്യുകയാണുണ്ടായത്. ഉദാഹരണത്തിന് കൊളാരിയടുക്കം ശ്രീകൃഷ്ണ ടെംബിൾ റോഡ് ടാറിംഗ് (പ്രൊജക്ട് 144/18), കല്ലക്കട്ട കൈരളി റോഡ് രണ്ടാം ഘട്ടം റോഡ് ടാറിംഗ് (പ്രൊജക്ട് 142/18), വെള്ളൂർ നഗർ അണക്കെട്ട് റോഡ് റീ ടാറിംഗ് (പ്രൊജക്ട് 186/18).

വാർഡ് അടിസ്ഥാനത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്ന പ്രവണ ഒഴിവാക്കി ഗ്രാമപഞ്ചായത്തിനെ മൊത്തത്തിൽ ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും സുപ്രധാന പങ്ക് വഹിക്കാൻ കഴിയുന്ന വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഇക്കാര്യത്തിലാവശ്യമാണ്.

## 3-3 ഉദ്മം അങ്കണവാടി റിപ്പയർ പ്രവൃത്തി - അധികം തുക ചെലവഴിച്ചു.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

| | | |
|---|---|---|
| പ്രൊജക്ട് നം. | S. O. 454/18 (ഉദ്യം അങ്കണവാടി റിപ്പയർ) | |
| അടങ്കൽ | 3,00,000/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം) | |
| എസ്റ്റിമേറ്റ് | 3,00,000/- | |
| എം. ബുക്ക് നം. | 663/2017-18 | |
| ആകെ അളവ് മൂല്യം | ₹ 2,82,454/- | |
| കൺവീനർ | രോഹിണി. എൻ. | |
| എഗ്രിമെന്റ് നമ്പർ | AE/CH/03/17-18 തീയതി 17.11.2017 | |
| കൺവീനർക്ക് നൽകിയ തുക | ₹2,76,805/- | ട്രഷറി ബിൽ നം 31/17-18തീ. 27.03.2018 (ബിൽ തുക ₹ 2,85,279/-) |

ഈ പ്രവൃത്തിയുടെ അളവ് പുസ്തകം (പേജ് 50) പ്രകാരം ആകെ അളവ് മൂല്യം 2,82,454/- രൂപയാണ്. അന്തിമ ബിൽ പ്രകാരം പ്രവൃത്തിയുടെ കൺവീനർക്ക് ചുവടെ പറയും പ്രകാരം 2,76,805/-രൂപ നൽകിയിട്ടുണ്ട് .

| | |
|---|---|
| ആകെ അളവ് മൂല്യം | ₹2,82,454/- |
| (+) KCWWF 1% | ₹2,825/- |
| ആകെ (ബിൽ തുക) | ₹2,85,279/- |
| (-) ആദായ നികുതി 2% | ₹5,649/- |
| (-) KCWWF 1% | ₹2,825/- |
| കൺവീനർക്ക് നൽകിയ തുക | ₹2,76,805/- |

ഗുണഭോക്തൃ കമ്മിറ്റി മുഖേനയാണ് ഈ നടപ്പാക്കിയത്. പ്രൈസ് സോഫ്റ്റ്വെയർ മുഖേനയാണ് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയരിക്കുന്നത് (EST NO: 2017/116918). എസ്റ്റിമേറ്റിലെ എല്ലായിനം പ്രവൃത്തിക്കും 7.5% ഓവർഹെഡ് ചാർജ്ജ് അനുവദിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് നമ്പർ (പി) 30/2016/ഫിൻ തീയതി 29.02.2016 പ്രകാരം ഗുണഭോക്തൃ കമ്മിറ്റി മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുമ്പോൾ നികുതികൾ ഗുണഭോക്തൃ കമ്മിറ്റികൾതന്നെ വഹിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിയുടെ അന്തിമ ബില്ല് പ്രകാരം കൺവീനർക്ക് തുക അനുവദിച്ചപ്പോൾ ആകെ അളവ് മൂല്യത്തിന്റെ കൂടെ 1% നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം കൂടി ചേർത്താണ് ട്രഷറിയിൽ നിന്നും തുക പിൻവലിച്ചത്. പ്രവൃത്തിയുടെ കൺവീനർക്ക് യഥാർത്ഥത്തിൽ അനുവദിക്കേണ്ട തുക ചുവടെ പറയും പ്രകാരമാണ് വേണ്ടത്.

| | |
|---|---|
| ആകെ അളവ് മൂല്യം | ₹2,82,454/- |
| (-) ആദായ നികുതി 2% | ₹5,649/- |
| (-) KCWWF 1% | ₹2,825/- |
| കൺവീനർക്ക് നൽകേണ്ട തുക | ₹2,73,980/- |
| കൺവീനർക്ക് നൽകിയ തുക | ₹2,76,805/- |
| അധികം നൽകിയ തുക | ₹2,825/- |

പ്രവൃത്തിയ്ക്കായ് അധികം ചെലവഴിച്ച 2,825/-രൂപ അന്തിമ ബില്ല് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽനിന്നും ഈടാക്കേണ്ടതാണ്. (പ്രവൃത്തിക്കായി ₹2,825/-അധികം ചെലവഴിച്ചതിന് വിശദീകരണം നല്കുവാൻ നിർവ്വഹണോദ്യോഗസ്ഥനോട് ഓഡിറ്റ് എൻക്വയറി നം.11 തീ: 21.12.2018 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല).

## 3-4 പാണാർകുളം അങ്കണവാടി അറ്റകുറ്റപണി - അധികം തുക ചെവഴിച്ചു.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

| | | |
|---|---|---|
| പ്രൊജക്ട് നം. | S.O. 431/18 (പാണാർകുളം അങ്കണവാടി അറ്റകുറ്റപണി) | |
| അടങ്കൽ | ₹1,50,000/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം) | |
| എസ്റ്റിമേറ്റ് | ₹1,50,000/- | |
| എം. ബുക്ക് നം. | 683/2017-18 | |
| ആകെ അളവ് മൂല്യം | ₹ 1,44,978/- | |
| കൺവീനർ | ഗീതാകുമാരി. | |
| എഗ്രിമെന്റ് നമ്പർ | AE/LSGD/CH/04/17-18 തീയതി 17.11.2017 | |
| കൺവീനർക്ക് നൽകിയ തുക | ₹1,42,078/- | ട്രഷറി ബിൽ നം. 18/17-18തീ. 01.03.2018 (ബിൽ തുക ₹ 1,46,428/-) |

ഈ പ്രവൃത്തിയുടെ അളവ് പുസ്തകം (പേജ് 31) പ്രകാരം ആകെ അളവ് മൂല്യം 1,44,978/- രൂപയാണ്. അന്തിമ ബിൽ പ്രകാരം പ്രവൃത്തിയുടെ കൺവീനർക്ക് ചുവടെ പറയും പ്രകാരം 1,42,078/-രൂപ നൽകിയിട്ടുണ്ട്.

| | |
|---|---|
| ആകെ അളവ് മൂല്യം | ₹1,44,978/- |
| (+) KCWWF 1% | ₹1,450/- |
| ആകെ (ബിൽ തുക) | ₹1,46,428/- |
| (-) ആദായ നികുതി 2% | ₹2,900/- |
| (-) KCWWF 1% | ₹1,450/- |
| കൺവീനർക്ക് നൽകിയ തുക | ₹1,42,078/- |

ഗുണഭോക്തൃ കമ്മിറ്റി മുഖേനയാണ് ഈ നടപ്പാക്കിയത്. പ്രൈസ് സോഫ്റ്റ്വെയർ മുഖേനയാണ് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയരിക്കുന്നത് (EST NO: 2017/122595). എസ്റ്റിമേറ്റിലെ എല്ലായിനം പ്രവൃത്തിക്കും 7.5% ഓവർഹെഡ് ചാർജ്ജ് അനുവദിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് നമ്പർ (പി) 30/2016/ഫിൻ തീയതി 29.02.2016 പ്രകാരം ഗുണഭോക്തൃ കമ്മിറ്റി മുഖേന നടപ്പാക്കുന്ന

പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുമ്പോൾ നികുതികൾ ഗുണഭോക്തൃ കമ്മിറ്റികൾതന്നെ വഹിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിയുടെ അന്തിമ ബില്ല് പ്രകാരം കൺവീനർക്ക് തുക അനുവദിച്ചപ്പോൾ ആകെ അളവ് മൂല്യത്തിന്റെ കൂടെ 1% നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം കൂടി ചേർത്താണ് ട്രഷറിയിൽ നിന്നും തുക പിൻവലിച്ചത്. പ്രവൃത്തിയുടെ കൺവീനർക്ക് യഥാർത്ഥത്തിൽ അനുവദിക്കേണ്ട തുക ചുവടെ പറയും പ്രകാരമാണ് വേണ്ടത്.

| | |
|---|---|
| ആകെ അളവ് മൂല്യം | ₹1,44,978/- |
| (-) ആദായ നികുതി 2% | ₹2,900/- |
| (-) KCWWF 1% | ₹1,450/- |
| കൺവീനർക്ക് നൽകേണ്ട തുക | ₹1,40,628/- |
| കൺവീനർക്ക് നൽകിയ തുക | ₹1,42,078/- |
| അധികം നൽകിയ തുക | ₹1,450/- |

പ്രവൃത്തിയ്ക്കായ് അധികം ചെലവഴിച്ച 1,450/-രൂപ അന്തിമ ബില്ല് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽനിന്നും ഈടാക്കേണ്ടതാണ്. (പ്രവൃത്തിക്കായി ₹1,450/- അധികം ചെലവഴിച്ചതിന് വിശദീകരണം നല്കുവാൻ നിർവ്വഹണോദ്യോഗസ്ഥനോട് ഓഡിറ്റ് എൻക്വയറി നം.13 തീ: 22.12.2018 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല).

## 3-5 ബിലാൽ നഗർ ഗിരി റോഡ് ബാക്കി ഭാഗം കോൺക്രീറ്റ് ചെയ്യൽ പ്രവൃത്തി - കരാറുകാരന് അധികം തുക നൽകിയത്

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

| | |
|---|---|
| പ്രൊജക്ട് നം. | S.O. 19/18 (ബിലാൽ നഗർ ഗിരി റോഡ് കോൺക്രീറ്റ് ബാക്കി ഭാഗം) |
| അടങ്കൽ | ₹3,00,000/- ( തനത് ഫണ്ട്)] |
| എസ്റ്റിമേറ്റ് | ₹3,00,000/- |
| സാങ്കേതികാനുമതി | ₹3,00,000/- No. 51462/2017-2018 Dated 04.08.2017, അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ, LSGD സബ് ഡിവിഷൻ, കാസറഗോഡ് ബ്ലോക്ക്. |

| | | |
|---|---|---|
| എം. ബുക്ക് നം. | 787/17-18 | |
| ആകെ അളവ് മൂല്യം | ₹2,76,142/- | |
| കരാറുകരാൻ | മൊയ്ദീൻ കുഞ്ഞി, ചെർക്കള. | |
| ക്വോട്ട് ചെയ്ത നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് | |
| കരാറുകാരന് നൽകിയ തുക | ₹2,71,620/- | ട്രഷറി ചെക്ക് നം 1970853തീ. 31.03.2018 (ബിൽ തുക ₹ 2,74,381/-), ട്രഷറി ചെക്ക് നം. 1970854തീ. 31.03.2018 (ബിൽ തുക ₹ 2,76,142/-) |

ഈ പ്രവൃത്തിയുടെ അളവ് പുസ്തകം (പേജ് 11) പ്രകാരം ആകെ അളവ് മൂല്യം 2,76,142/- രൂപയാണ്. അന്തിമ ബിൽ പ്രകാരം പ്രവൃത്തിയുടെ കരാറുകാരന് നികുതികൾ കിഴിച്ച് ചുവടെ പറയും പ്രകാരം 2,71,620/-രൂപ നൽകിയിട്ടുണ്ട് .

| | |
|---|---|
| ആകെ അളവ് മൂല്യം | ₹2,76,142/- |
| (-) ടെണ്ടർ കിഴിവ് | ഇല്ല. |
| (-) ആദായ നികുതി 1% | ₹2,761/- |
| (-) KCWWF 1% | ₹2,761/- |
| ആകെ കുറച്ച നികുതികൾ | ₹4,522/- |
| കരാറുകാരന് നൽകിയ തുക | ₹2,71,620/- |

പ്രവൃത്തിയുടെ അന്തിമ ബില്ലിൽ നിന്നും ആദായനികുതി (@1%), നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം (@1%) എന്നിവ കുറവ് ചെയ്തതിൽ പിശക് വന്നിട്ടുണ്ട്. ആദായനികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഇനത്തിൽ ആകെ കുറവ് ചെയ്യേണ്ടത് 5,522/-രൂപയാണ്. എന്നാൽ ഇതിനുപകരം തെറ്റായ് 4,522/- രൂപയാണ് കുറവ് ചെയ്തതിരിക്കുന്നത്. ഇതുമൂലം കരാറുകാരന് 1,000/- രൂപ അധികം നൽകിയിട്ടുണ്ട്. നിർവ്വഹണോദ്യോഗസ്ഥന്റെ ക്യാഷ് ബുക്ക് പ്രകാരം നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഇനത്തിൽ 2,761/- രൂപയും ആദായനികുതി ഇനത്തിൽ 2,761/- രൂപയും ഒടുക്കിയതായും രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ അധികം നൽകിയ 1,000/-രൂപ ഉത്തരവാദപ്പെട്ടവരിൽ നിന്നും തിരികെ ഈടാക്കി തനത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. (പ്രവൃത്തിക്കായി ₹1,000/-അധികം ചെലവഴിച്ചതിന് വിശദീകരണം നല്കുവാൻ നിർവ്വഹണോദ്യോഗസ്ഥനോട് ഓഡിറ്റ് എൻക്വയറി നം.21 തീ: 22.12.2018 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല).

## 3-6 മരാമത്ത് പ്രവൃത്തികൾ- കരാറുകാർ ജി.എസ്.ടി.രജിസ്ട്രേഷൻ

വിവരങ്ങൾ ടെണ്ടറിനൊപ്പം സമർപ്പിച്ചിട്ടില്ല.
നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 87/2017/ത.സ്വ.ഭ.വ. തീയതി 01.11.2017 പ്രകാരം മരമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്ന എല്ലാകരാറുകാരും ജി.എസ്.ടി.രജിസ്ട്രേഷൻ വിവരങ്ങൾ ടെണ്ടറിനൊപ്പം ഹാജരാക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവ് തീയതിക്കുശേഷം ഗ്രാമ പഞ്ചായത്ത് മരമത്ത് പ്രവൃത്തികൾക്കായി നടത്തിയ (06.12.2017, 22.12.2017, 31.01.2018, 15.02.2018, 17.03.2018 എന്നീ തീയതികളിൽ) ടെണ്ടറുകളിൽ പങ്കെടുത്ത കരാറുകാർ ടെണ്ടറിനൊപ്പം ജി.എസ്.ടി.രജിസ്ട്രേഷൻ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. സർക്കാർ ഉത്തരവിലെ വിവസ്ഥ പാലിക്കാത്തതിന് വിശദീകരണം ആവശ്യമാണ്.

## 3-7 സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളുടെ വൗച്ചറുകൾ, ഫയലുകൾ, അനുബന്ധരേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളുടെ വൗച്ചറുകൾ, ഫയലുകൾ, അനുബന്ധരേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | പദ്ധതിയുടെ നമ്പർ | ബില്ല് നം. | ചെലവഴിച്ച തുക |
|---|---|---|---|
| 1 | പ്രൊജക്ട് നം.98/17 | 01/2017-18 തീയ്യതി.13.06.17 | 19,303/- രൂപ. |
| 2 | പ്രൊജക്ട് നം.181/17 | 02/2017-18 തീയ്യതി.13.06.17 | 2,30,747/-രൂപ. |
| 3 | പ്രൊജക്ട് നം.99/17 | 03/2017-18 തീയ്യതി.13.06.17 | 3,00,623/-രൂപ. |
| 4 | പ്രൊജക്ട് നം.96/17 | 04/2017-18 തീയ്യതി.13.06.17 | 1,35,409/-രൂപ. |
| 5 | പ്രൊജക്ട് നം.108/17 | 07/2017-18 തീയ്യതി.16.06.17 | 68,706/-രൂപ. |
| 6 | പ്രൊജക്ട് നം.97/17 | 08/2017-18 തീയ്യതി.16.06.17 | 1,55,409/-രൂപ. |
| 7 | FA TO WIDOWS | 47/2017-18 തീയ്യതി.27.02.18 | 3,60,000/-രൂപ |
| 8 | FA TO WIDOWS | 48/2017-18 തീയ്യതി.27.02.18 | 2,70,000/-രൂപ |
| 9 | FA TO WIDOWS | 49/2017-18 തീയ്യതി.27.02.18 | 60,000/-രൂപ |
| 10 | FA TO WIDOWS | 63/2017-18 തീയ്യതി.31.03.18 | 90,000/-രൂപ |
| | ആകെ | | 16,90,197/-രൂപ |

ഓഡിറ്റ് എൻക്വയറി നം- 19/22.12.2018 പ്രകാരം ഈ പദ്ധതികളുമായി ബന്ധപ്പെട്ട വൗച്ചറുകൾ,

ഫയലുകൾ, അനുബന്ധരേഖകൾ എന്നിവ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ 16,90,197/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതികളുമായി ബന്ധപ്പെട്ട വൗച്ചറുകൾ, ഫയലുകൾ, അനുബന്ധരേഖകൾ എന്നിവ ഓഡിറ്റിനായി ലഭ്യമാക്കേണ്ടത് നിലവിലുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്വമാണ്. 1997ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങൾ ചട്ടം 12(2) പ്രകാരം ബന്ധപ്പെട്ട രേഖകളോ കണക്കുകളോ നല്കാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖയോ കണക്കോ നിലവിലില്ല എന്ന് കരുതപ്പെടുന്നതും അതനുസരിച്ച് നിഗമനങ്ങളിൽ എത്താവുന്നതുമാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു. ആയതിനാൽ ആവശ്യപ്പെട്ട മുഴുവൻ രേഖകളും ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

## 3-8 ആദായ നികുതി ഈടാക്കിയതിൽ കുറവ്

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

ആദായ നികുതി നിയമം സെക്ഷൻ 194 C പ്രകാരം കരാറുകാരുടെ സ്രോതസ്സിൽ നിന്ന് ഈടാക്കേണ്ട ആദായ നികുതി (TDS) വ്യക്തിഗത കരാറുകാർക്ക് 1% നിരക്കിലും വ്യക്തികൾ അല്ലാത്തവർക്ക് 2% നിരക്കിലുമാണ് ഈടാക്കേണ്ടത് എന്ന് നിർദേശിച്ചിട്ടുണ്ട്. PAN ഇല്ലാത്തവരിൽ നിന്നും 20% നിരക്കിൽ TDS ഈടാക്കണം എന്നും നിയമത്തിൽ നിർദേശിച്ചതാണ്. എടനീർ ലേബർ കോൺട്രാക്ട് സൊസൈറ്റി മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളിൽ കരാറുകാർ എടനീർ ലേബർ കോൺട്രാക്ട് സൊസൈറ്റി ആയതിനാൽ മേൽനിയമപ്രകാരം 2% നിരക്കിൽ ആദായ നികുതി TDS ഈടാക്കേണ്ടതുണ്ട്. എന്നാൽ 2017-18 വർഷത്തിൽ എടനീർ ലേബർ കോൺട്രാക്ട് സൊസൈറ്റി മുഖേന നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തിയിൽ 1% നിരക്കിലാണ് ആദായ നികുതി ഈടാക്കിയത്. ഇത് ആദായ നികുതി നിയമത്തിന് വിരുദ്ധമാണ്. വിശദ വിവരം താഴെ നൽകുന്നു.

| പ്രവൃത്തി | മൂല്യ നിർണ്ണയം | ഈടാക്കേണ്ടത് | ഈടാക്കിയത് | കുറിപ്പ് |
|---|---|---|---|---|
| ബാലടുക്ക-കെമ്മങ്കയം റോഡ് റി ടാറിംഗ് (s.o.165/18)കോൺട്രാക്ടർ - എടനീർ ലേബർ കോൺട്രാക്ട് സൊസൈറ്റി | 2,99,980 | 6,000 | 3000 | എം. ബുക്ക് - 666/17-18,ബിൽനമ്പർ –36/17-18 തി. 11.10.2017 ₹ 1,96,160 |

തുക കുറവായി ഈടാക്കാനുണ്ടായ സാഹചര്യം വിശദമാക്കിയിട്ടില്ല(ഓഡിറ്റ് എൻക്വയറി നം-18/22.12.2018). നിർമ്മാണ പ്രവർത്തികളിൽ നിന്നും നികുതികൾ,നിർമ്മാണ തൊഴിലാളി ക്ഷേമനിധിവിഹിതം എന്നിവ നിശ്ചിത നിരക്കിൽ തന്നെ കുറവുചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് നിർവഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. പ്രവർത്തികളുടെ മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കുന്ന പൊതുമരാമത്ത്/ ഊർജം വർക്കിംഗ് ഗ്രൂപ്പിനും ആയതിൽ ഉത്തരവാദിത്വമുണ്ട്. കുറവ് വന്ന 3,000രൂപ (6,000-3,000) ഈടാക്കി ബന്ധപ്പെട്ട ഡിപാർട്ട് മെന്റിൽ അടവാക്കേണ്ടതാണ്.

## 3-9 സർവീസ് ടാക്സിനായി എസ്റ്റിമേറ്റിൽ വകയിരുത്തിയ തുക കരാറുകാരന് നൽകി.

ഫാമിലി വെൽഫയർ സെന്ററുകൾക്ക് വയറിംഗ് ചെയ്യൽ എന്ന (S.O.3942018) പ്രോജക്ട് സ്പിൽ ഓവറായിട്ടാണ് നിർവഹിച്ചത്. മെയ്ന്റെനൻസ് ഗ്രാന്റ് നോൺ-റോഡ് ഒരു ലക്ഷം രൂപയാണ് ഇതിനായി വകയിരുത്തിയത്. ഹാരിസ്.ടി.എ. എന്ന കരാറുകാരൻ പ്രവൃത്തി ഏറ്റെടുക്കുകയും ബിൽ 10/23.06.2017 പ്രകാരം 85,563 രൂപ പിൻവലിച്ച് കരാറുകാരന് തുക നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ കരാറുകാരൻ സേവന നികുതി അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയിരുന്നില്ല. 92,000 രൂപയാണ് എസ്റ്റിമേറ്റ് തുക. ഇതിൽ 5,161 രൂപ സർവീസ് ടാക്സിനായി വകയിരുത്തിയതാണ്. 558/17-18 അളവ് പുസ്തകത്തിൽ പ്രവൃത്തിയുടെ അളവുകൾ (പേജ് 26, 27) രേഖപ്പെടുത്തിയത് താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | ₹84,969 |
| സർവീസ് ടാക്സ് | ₹5,098 |
| ആകെ | ₹90,067 |

ട്രഷറിയിൽ നിന്ന് പിൻവലിച്ച് കരാറുകാരന് തുക നൽകിയതിന്റെ വിവരം.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | ₹90,067 |
| (-) വാറ്റ് | ₹3,603 |
| (-) ആദായ നികുതി | ₹901 |
| (-)വെൽഫയർ ഫണ്ട് | ₹901 |
| കരാറുകാരന് നൽകിയത് | ₹84,662 |

സർവീസ് ടാക്സ് ഇനത്തിൽ നല്കിയ 5,098 രൂപ ബില്ലിൽ നിന്ന് കുറവ് ചെയ്യാതെ കരാറുകാരന് നല്കുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ ഈ തുക കസ്റ്റംസ് ആന്റ് സെൻട്രൽ എക്സൈസ് വകുപ്പിൽ അടക്കേണ്ട തുകയായിരുന്നു. ഇത് കരാറുകാരന് അർഹതപ്പെട്ട തുകയല്ല. സർവീസ് ടാക്സ് സംബന്ധിച്ച നിർദ്ദേശങ്ങളിൽ ക്സ്റ്റംസ് & സെൻട്രൽ എക്സൈസ് വകുപ്പുമായി ചർച്ച ചെയ്ത് വ്യക്തത വരുത്താൻ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിക്കൊണ്ട് 26.10.2016 ന് നടന്ന സംസ്ഥാന തല കോർഡിനേഷൻ കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ ഇതിനൊരു വ്യക്തത നാളിതു വരെ വരുത്തിയിട്ടില്ല. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തു നടത്തുന്ന പ്രവൃത്തികൾക്ക് സ്രവീസ് ടാക്സ് നൽകേണ്ടതുണ്ടെങ്കിൽ വർഷാവസാനം ഒറ്റ പ്രോജക്ട് വച്ച് അതിനാവശ്യമായ തുക കണ്ടെത്തേണ്ടതാണെന്നും ഈ കോർഡിനേഷൻ കമ്മിറ്റി മീറ്റിംഗിൽ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇതൊന്നും പരിഗണിക്കാതെയാണ് സർവീസ് ടാക്സ് തുക പിൻവലിച്ച് കാരുകാരന് നൽകിയത്. ആയതിനാൽ ഈ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികം നൽകിയ 5,098 രൂപ മേൽ കരാറുകരനിൽ നിന്നും ഈടാക്കി പഞ്ചായത്തിന്റെ

കണക്കിൽപ്പെടുത്തി അസിസ്റ്റന്റ് എഞ്ചിനീയറുടെയോ പഞ്ചായത്തിന്റെയോ സ്പെഷൽ ട്രഷറി സേവിങ്സ് അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതും നികുതി അടക്കുന്നതു സംബന്ധിച്ച് വ്യക്തത വരുന്ന മുറയ്ക്ക് അപ്രകാരം ചെയ്യേണ്ടതും ആണ്.

## 3-10 വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ.

വെറ്റിനറി സർജൻ 2017-18 വർഷത്തിൽ നിർവ്വഹണം നടത്തിയ പദ്ധതികളുമായി ബന്ധപ്പെട്ട ചെലവ് രേഖകളുടെ പരിശോധനയിൽ ചുവടെ ചേർത്ത അപാകതകൾ ശ്രദ്ധയിൽപെടുകയുണ്ടായി.

A)ക്ഷീര കർഷകർക്ക് കറവയന്ത്രം വാങ്ങൽ- അപാകതകൾ

പ്രൊജക്റ്റ് നം. 94/18 : ക്ഷീര കർഷകർക്ക് കറവയന്ത്രം വാങ്ങൽ- അടങ്കൽ-₹ 1,50,000

ചെലവ്- ബിൽ നം. 10/19-01-2018 – ₹ 50,000 (വികസന ഫണ്ട്)

ഈ പദ്ധതിയുമായി ബന്ധപ്പെട്ട് രണ്ട് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കിയിട്ടുണ്ട്. ബി.മുഹമ്മദ് കുഞ്ഞി, അബ്ദുൾ മജീദ് എന്നിവർക്കാണ് കറവയന്ത്രം വാങ്ങാൻ സബ്സിഡി അനുവദിച്ചത്. എന്നാൽ ഇവർ രണ്ട് പേരും കാലി വളർത്തൽ മുഖ്യ തൊഴിലാക്കിയ ക്ഷീര കർഷകരാണോ എന്നത് ഫയലിൽ നിന്ന് വ്യക്തമല്ല. അംഗീകൃത ക്ഷീര സൊസൈറ്റികളിൽ പാൽ അളക്കുന്ന വ്യക്തികളാണോ എന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. മറ്റ് അപാകതകൾ താഴെ കൊടുക്കുന്നു,

1)അംഗീകരിച്ച ഗുണഭോക്തൃ പട്ടിക ഹാജരാക്കിയിട്ടില്ല. ഗ്രാമസഭാ മിനുട്സ് പരിശോധിച്ചപ്പോൾ കറവയന്ത്രം വാങ്ങിയ രണ്ട് ഗുണഭോക്താക്കളും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

2)ഗുണഭോക്തൃ വിഹിതം പഞ്ചായത്തിൽ ഒടുക്കിയിട്ടില്ല. ആയതിനാൽ ഗുണഭോക്താക്കൾ ഗുണഭോക്തൃ വിഹിതം ചെലവാക്കിയത് സ്ഥിരീകരിക്കാൻ സാധിച്ചിട്ടില്ല.

3)മാർഗ്ഗരേഖാ പ്രകാരമുള്ള പർച്ചേസ് നടപടി ക്രമങ്ങൾ പാലിച്ചല്ല വാങ്ങൽ നടത്തിയിട്ടുള്ളത്.

4)മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

മുകളിൽ വിവരിച്ച അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം-15/22.12.2018). ആയതിനാൽ വികസനഫണ്ടിൽ നിന്നും പിൻവലിച്ച 50,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

B)മുട്ടക്കോഴി വിതരണം- അപാകതകൾ

പ്രൊജക്റ്റ് നം. 95/18 : മുട്ടക്കോഴി വിതരണം- അടങ്കൽ- ₹14,00,000

ബിൽ നം. 10/24-2-18 Rs. 2,50,000 (വികസന ഫണ്ട്), ഗുണഭോക്തൃ വിഹിതം-₹ 5,36,250

ആകെ : ₹7,86,250

മുകളിൽ കാണിച്ചത് പ്രകാരം വെറ്റിനറി സർജൻ ബിൽ.നം. 10/2017-18 തി 24-2-2018 പ്രകാരം 2,50,000 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് 7,610 മുട്ടക്കോഴികളുടെ വിലയായി ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ 7,86,250 രൂപ കെ.കെ എഗ്ഗർ നേഴ്സറി എന്ന സ്ഥാപനത്തിനു നൽകിയിട്ടുണ്ട്.

എന്നാൽ കോഴികളെ വാങ്ങിയതിന് സ്ഥാപനത്തിന്റെ ബിൽ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. സ്ഥാപനങ്ങൾ തുക കൈപ്പറ്റിയതിന്റെ രേഖകൾ മാത്രമാണ് ഫയലിലുള്ളത്.

1)വാങ്ങിയതിന്റെയും വിതരണം ചെയ്തതിന്റെയും വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

2)കോഴികൾക്ക് വാക്സിനേഷൻ നൽകിയതിന്റെ രേഖ ഹാജരാക്കിയിട്ടില്ല.

3)പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്ട്സ്, പ്രോജക്ടിന്റെ മോണിറ്ററിങ്ങ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4)ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിനു വേണ്ടി പഞ്ചായത്ത് രസീത് ബുക്കാണ് ഉപയോഗിച്ചത്. ആയത് പ്രകാരം ഗുണഭോക്താക്കൾ തുക അടവാക്കിയിട്ടുമുണ്ട്. എന്നാൽ രസീത് ഗുണഭോക്തക്കൾക്ക് നല്കിയതായി കാണുന്നില്ല. ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തതിന് നല്കേണ്ട രസീതുകളുടെ പകർപ്പ് ഗുണഭോക്താക്കൾക്ക് നല്കാതെ നിർവ്വഹണ ഉദ്യോഗസ്ഥൻ തന്നെ കൈവശം സൂക്ഷിച്ചതായി കാണുന്നു.

മുകളിൽ വിവരിച്ച അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം- 15/22.12.2018). മേൽ അപാകതകൾ കാരണം 2,50,000 (വികസന ഫണ്ട്) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

C)വനിതകൾക്ക് പെണ്ണാട് വിതരണം

പ്രോജക്ട് നം. 92/18

അടങ്കൽ 10,00,000 രൂപ(5,00,000+5,00,000 (ഗു.വി)

യൂണിറ്റ് കോസ്റ്റ് 20,000രൂപ (10,000സബ്സിഡി+10,000ഗുണഭോക്തൃവിഹിതം)

| ബിൽ നം./തിയതി | തുക (രൂപ) |
|---|---|
| 6/2017-18/21-03-2018 | 40,000 |
| 82017-18/21-03-2018 | 1,09,000 |
| 9/2017-18/21-03-2018 | 10,000 |
| ഗുണഭോക്തൃ വിഹിതം. | 1,79,000 |

മുകളിൽ കാണിച്ചത് പ്രകാരം 2017-18 വർഷത്തിൽ മൊത്തം 1,59,000 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് 16 ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്.

ഈ പദ്ധതിയുടെ അപാകതകൾ താഴെ നൽകുന്നു.

1)അംഗീകരിച്ച ഗുണഭോക്തൃ പട്ടിക ഹാജരാക്കിയില്ല.

2)ഗുണഭോക്തൃ വിഹിതം പഞ്ചായത്തിൽ ഒടുക്കിയിട്ടില്ല. ആയതിനാൽ ഗുണഭോക്താക്കൾ

ഗുണഭോക്തൃ വിഹിതം ചെലവാക്കിയത് സ്ഥിരീകരിക്കാൻ സാധിച്ചിട്ടില്ല.

3)പർച്ചേസ് കമ്മിറ്റി മിനുട്ട്സ് ഹാജരാക്കിയിട്ടില്ല. വികസന സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ അദ്ധ്യക്ഷനായും, വെറ്റിനറി ഡോക്ടർ കൺവീനറും ഗുണഭോക്താക്കളിൽ നിന്ന് 5പേർ അംഗങ്ങളുമായിട്ടുള്ള കമ്മറ്റിയായിരിക്കണം മൃഗങ്ങളെ -പക്ഷികളെ വാങ്ങേണ്ടത് (സബ്സിഡി മാനദണ്ഡത്തിലെ ഖണ്ഡിക 8.2ലെ കുറിപ്പ് 3 ലെ (പേജ് 27) എന്നാൽ ഈ വ്യവസ്ഥ പാലിക്കപ്പെട്ടില്ല.

4)മോണിറ്ററിങ്ങ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നല്കിയെങ്കിലും മറുപടി ലഭിച്ചില്ല. (ഓഡിറ്റ് എൻക്വയറി നം- 15/22.12.2018). ആയതിനാൽ വികസനഫണ്ടിൽ നിന്നുള്ള 1,59,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

D)വനിതകൾക്ക് കറവ പശു വിതരണം-പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല.

വനിതകൾക്ക് പശുവളർത്തൽ പദ്ധതി പ്രകാരം 10 പശുവിനെ വാങ്ങുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| പ്രൊജക്ട് നം. | 94/18, വനിതകൾക്ക് കറവ പശു വിതരണം | |
| അടങ്കൽ | ₹3,75,000/- | വികസനഫണ്ട്(ജനറൽ) |
| | ₹3,75,000/- | ഗുണഭോക്തൃ വിഹിതം(സ്ഥാപനത്തിൽ അടയ്ക്കുന്നത്) |
| ചെലവ് | ₹1,95,000 | ബില്ല് നം- 3/19.01.2018 |
| | ₹50,000 | ബില്ല് നം- 7/15.02.2018 |
| | ₹2,65,000 | ഗുണഭോക്തൃ വിഹിതം. |

പദ്ധതി നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1)അപേക്ഷയിൽ പശുവിനെ വളർത്താൻ ഭൗതിക സാഹചര്യമുണ്ടെന്ന് വെറ്ററിനറി സർജൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. അപേക്ഷകളിൽ യാതൊരു വിധ പരിശോധനയും നിർവഹണ ഉദ്യോഗസ്ഥൻ നടത്തിയിട്ടില്ല. ഭരണസമിതി കണ്ടെത്തിയ ഗുണഭോക്താക്കളുടെ അർഹത ബോധ്യപ്പെടുന്ന വിധത്തിലുള്ള പരിശോധന നടത്താതെയാണ് പ്രോജക്ട് നിർവഹണം നടത്തിയത്.

2)പർച്ചേസ് കമ്മിറ്റി മിനുട്ട്സ് ഹാജരാക്കിയിട്ടില്ല. വികസന സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ അദ്ധ്യക്ഷനായും, വെറ്റിനറി ഡോക്ടർ കൺവീനറും ഗുണഭോക്താക്കളിൽ നിന്ന് 5പേർ അംഗങ്ങളുമായിട്ടുള്ള കമ്മറ്റിയായിരിക്കണം മൃഗങ്ങളെ -പക്ഷികളെ വാങ്ങേണ്ടത്(സബ്സിഡി മാനദണ്ഡത്തിലെ ഖണ്ഡിക 8.2ലെ കുറിപ്പ് 3 ലെ (പേജ് 27). എന്നാൽ അപ്രകാരം ചെയ്യാതെ ഓരോ ഗുണഭോക്താവും പ്രത്യേകം വാങ്ങൽ നടത്തുകയാണ് ചെയ്തിട്ടുള്ളത്.

3)പദ്ധതിയുടെ ലക്ഷ്യം പഞ്ചായത്തിലെ പാലുത്പാദനം വർദ്ധിപ്പിക്കുക എന്നതാണെങ്കിലും പശുക്കളെ പുറമേ നിന്നും വാങ്ങാതെ പഞ്ചായത്ത് പരിധിയിൽ നിന്ന് തന്നെ വാങ്ങുന്നതിനാൽ പദ്ധതിയുടെ ലക്ഷ്യ പ്രാപ്തി സംശയാസ്പദമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

4)മേൽ പദ്ധതി പ്രകാരം വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി 15 പശുക്കളെ വിതരണം ചെയ്യുന്നതിന് ഗുണഭോക്തൃ വിഹിതം ഉൾപ്പടെ 7,50,000/- രൂപ വകയിരുത്തിയതിൽ 10 പശുക്കളെ വാങ്ങിക്കുന്നതിന് 5,10,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഒരു പശുവിന് 50% സബ്സിഡി അഥവാ പരമാവധി 25,000/- രൂപ, ഗുണഭോക്തൃ വിഹിതം 25,000/- രൂപ. ഗ്രാമപഞ്ചായത്ത് അംഗീകരിച്ച് നൽകിയ ഗുണഭോക്തൃ ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നു. ആയത് പ്രകാരമുള്ള ഗ്രാമസഭാ മിനുട്സ് പരിശോധിച്ചപ്പോൾ ഇവരൊന്നും തന്നെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല. സ.ഉ(എം.എസ്) 80/2017/ത.സ്വ.ഭ.വ. തീ. 03.04.2017 ഖ.20(2) ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കേണ്ടത് എങ്ങിനെ ആയിരിക്കണമെന്ന് പരാമർശിക്കുന്നുണ്ട്. ഇതേ ഉത്തരവിലെ ഖ. 20(8) പ്രകാരം ഓരോ വാർഡിലെയും ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായി മാർക്കിന്റെ മുൻഗണനാടിസ്ഥാനത്തിൽ പട്ടികപ്പെടുത്തി തദ്ദേശഭരണസ്ഥാപനതല ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് നല്കിയ ലിസ്റ്റിലെ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ലിസ്റ്റ് പരിശോധിച്ചതിൽ ഗുണഭോക്താക്കളുടെ മുൻഗണന ക്രമം മറികടന്ന് പശുക്കളെ വിതരണം ചെയ്തതായി കാണുന്നു. ഗുണഭോക്തൃ ലിസ്റ്റിലെ മുൻഗണന തെറ്റിച്ച് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാനുണ്ടായ കാരണം വിശദമാക്കിയിട്ടില്ല. ബന്ധപ്പെട്ട പ്രൊജക്ടിന്റെ മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട മൃഗസംരക്ഷണം -ക്ഷീരവികസനം വർക്കിംഗ് ഗ്രൂപ്പ് ഇത്തരത്തിലുള്ള അപാകത സംബന്ധിച്ച് പരിശോധന നടത്തിയതായോ , വർക്കിംഗ് ഗ്രൂപ്പ് മീറ്റിങ്ങിൽ ഇത്തരം അപാകതകളെ സംബന്ധിച്ച് ചർച്ചകൾ നടന്നതായോ കാണുന്നില്ല. സബ്സിഡി മാർഗ്ഗ രേഖ സ. ഉ.(എം.എസ്) നമ്പർ 80/2017/ത.സ്വ.ഭ.വ . തീയ്യതി. 03.04.2017 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കാതെ സബ്സിഡി അനുവദിക്കുന്നത് ഫണ്ടിന്റെ ദുരുപയോഗമായി കാണുമെന്ന് മേൽ മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടും മാനദണ്ഡങ്ങൾ പാലിക്കാതെ ധനസഹായം നല്കിയത് വിശദീകരിക്കപ്പെടേണ്ടതാണ്.

5)പ്രോജക്ടുകളുടെ നിർവഹണം പോലെ പ്രധാന്യമുള്ളതാണ് പ്രോജക്ട് വിലയിരുത്തൽ. പ്രോജക്ട് ലക്ഷ്യം കൈവരിച്ചോ എന്ന് വിലയിരുത്തുന്നതിന് വ്യവസ്ഥാപിതമായ മോണിറ്ററിങ്ങ് സംവിധാനം സർക്കാർ നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രോജക്ട് മോണിറ്ററിങ്ങിന് വിധേയമായിട്ടില്ല എന്ന് പ്രോജക്ട് ഫയൽ വ്യക്തമാക്കുന്നു.

6) ആനുകൂല്യം ലഭിച്ച 10 പേരും നിലവിൽ പശുവിനെ വളർത്തുന്നുണ്ടോ എന്ന കാര്യം വ്യക്തമല്ല. റഹിയാന, w/o. അബ്ദുൾ ഖാദർ, എരിയപ്പാടി (വാർഡ് നം-10) എന്നവർ വാങ്ങിയ പശു ചത്തതിനാൽ ഇൻഷൂറൻസ് ആനുകൂല്ല്യമായി 50,000 രൂപ ലഭിച്ചിരുന്നു, എന്നാൽ ഇവർ പുതിയ പശുവിനെ വാങ്ങിയതായി കാണുന്നില്ല. ആനുകൂല്യം ലഭിച്ച 10 പേരും നിലവിൽ പശുവിനെ വളർത്തുന്നുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്.

മുകളിൽ വിവരിച്ച അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം- 15/22.12.2018.). ആയതിനാൽ 2,45,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 വൃദ്ധർക്ക് കട്ടിൽ വിതരണം - നടപടികളിൽ സുതാര്യതയില്ല.

അസി-സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വൃദ്ധർക്ക് കട്ടിൽ വിതരണം പദ്ധതി പ്രകാരം എസ്.സി. വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് 80 കട്ടിലുകളും (തുക 3,45,600), എസ്.ടി. വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് 34 കട്ടിലുകളും (തുക 1,46,880) വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. ആയതിന്റെ ചെലവ് വിവരം താഴെ കൊടുക്കുന്നു.

| പ്രോജക്ട്നം | പ്രോജക്ടിന്റെ പേര് | അടങ്കൽ(രൂപ) | ചെലവ്(രൂപ) | ബില്ല് നം |
|---|---|---|---|---|
| 385/18 | എസ്.സി-വിഭാഗത്തിൽപ്പെട്ട വയോജനങ്ങൾക്ക് കട്ടിൽ | 3,60,000 | 3,45,600 | 11/02.02.2018 |
| 92/18 | എസ്.ടി-വിഭാഗത്തിൽപ്പെട്ട വയോജനങ്ങൾക്ക് കട്ടിൽ | 1,50,000 | 1,46,880 | 9/31.10.2017 |
| ആകെ | | | 4,92,480 | |

പദ്ധതി നടത്തിപ്പ് സംബന്ധിച്ച ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1)ജി.ഒ.(പി)നം.259/2010/തസ്വഭവ തീയ്യതി 08.11.2010 പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗ്ഗരേഖ പ്രകാരം 1 ലക്ഷത്തിൽ കവിഞ്ഞ് മതിപ്പ് വിലയുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ ക്ഷണിക്കണം. വ്യാപകമായ പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപ്പത്രത്തിലും ഒരു മലയാള ദിനപ്പത്രത്തിലും ടെണ്ടർ പരസ്യം പ്രസിദ്ധപ്പെടുത്തണം. ഇത് പാലിക്കാതെയാണ് വാങ്ങൽ പ്രവർത്തി നടത്തിയിട്ടുള്ളത്. ആയതിന്റെ കാരണം വ്യക്തമല്ല. ഇക്കാര്യത്തിൽ പ്രൊക്വർമെന്റ് കമ്മിറ്റി, പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2)കുറവ് തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിന്റെ ടെണ്ടർ നിരസിക്കാനുള്ള കാരണം വ്യക്തമല്ല. ടെണ്ടർ പ്രകാരം സ്ഥാപനങ്ങൾ ക്വാട്ട് ചെയ്ത വിലകളുടെ വിവരം താഴെ കൊടുക്കുന്നു,

| സ്ഥാപനത്തിന്റെ പേര് | ടെണ്ടർ സമർപ്പിച്ച തീയ്യതി | അടങ്കൽ (രൂപ) | ആകെ കട്ടിലുകളുടെ എണ്ണം | ക്വാട്ട്ചെയ്ത തുക | കുറഞ്ഞ തുക |
|---|---|---|---|---|---|
| മൊഹമ്മദ് ബഷീർ, പെർഡാല | 14/8/2017-2 pm | 3,60.000 (proj no 385/18) + 1,50,000 (proj no 92/18) = ആകെ 5,10,000. | 80(proj no. 385/18) + 34(proj no. 92/18) = ആകെ 114 എണ്ണം | 11% below @3982 | 3982 |
| സമൻഎന്റെർപ്രൈസസ് കുമ്പള. | 14/8/2017-2 pm | | | 4,348 | |
| ബദരിയ ഫർണിച്ചർ, ബോവിക്കാനം | 14/8/2017-2 pm | | | 4,350 | |
| തോട്ടത്തിൽഎന്റെർപ്രൈസസ്, ചെർക്കള. | 14/8/2017-2 pm | | | 4,320 | |

11% below തുക ക്വാട്ട് ചെയ്ത കരാറുകാരന്റെ ടെണ്ടർ അംഗീകരിക്കാതെ കൂടുതൽ തുക ക്വാട്ട് ചെയ്ത

തോട്ടത്തിൽ എന്റെർപ്രൈസസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് അംഗീകരിച്ചത്. ഇതു കാരണം ഒരു കട്ടിലിന് 338രൂപ (4,320-3,982) അധികം നല്കിയിട്ടുണ്ട്. ഇതുമൂലം 38,532രൂപയുടെ (114 x 338) അധിക ചെലവ് ഉണ്ടായിട്ടുണ്ട്. ആയത് ഉത്തരവാദപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കേണ്ടതാണ്.

3)അറുപത് വയസ്സ് തികഞ്ഞ വയോജനങ്ങൾക്കാണ് കട്ടിൽ വിതരണം നടത്തേണ്ടിയിരുന്നത് എന്നാൽ അറുപത് വയസ്സ് തികയാത്ത 15 വ്യക്തികൾക്ക് കട്ടിൽ വിതരണം ചെയ്തതായി കാണുന്നു ആയതിന്റെ കാരണം വ്യക്തമല്ല.

4)അംഗീകരിച്ച ഗുണഭോക്തൃ പട്ടിക ഹാജരാക്കിയിട്ടില്ല. ഗ്രാമസഭാ മിനുട്സ് പരിശോധിച്ചപ്പോൾ കട്ടിൽ ലഭിച്ച ഗുണഭോക്താക്കളാരും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

5)മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. ലഭ്യമാക്കിയ കട്ടിലുകളുടെ ഗുണ നിലവാരം പരിശോധിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. പ്രോജക്ടുകളുടെ നിർവഹണം പോലെ പ്രധാന്യമുള്ളതാണ് പ്രോജക്ട് വിലയിരുത്തൽ. പ്രോജക്ട് ലക്ഷ്യം കൈവരിച്ചോ എന്ന് വിലയിരുത്തുന്നതിന് വ്യവസ്ഥാപിതമായ മോണിറ്ററിങ്ങ് സംവിധാനം സർക്കാർ നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രോജക്ട് മോണിറ്ററിങ്ങിന് വിധേയമായിട്ടില്ല എന്ന് പ്രോജക്ട് ഫയൽ വ്യക്തമാക്കുന്നു.

അപാകതകൾക്ക് കാരണം വിശദമാക്കാനാവശ്യപെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി (ഓഡിറ്റ് എൻക്വയറി നം- 29/24.12.2018) ലഭ്യമാക്കിയിട്ടില്ല. പ്രൊജക്ടിന്റെ മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട സാമൂഹിക നീതി വർക്കിംഗ്രൂപ്പ്, മേൽനോട്ട ചുമതലയുള്ള ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി എന്നിവ പ്രൊജക്ടിന്റെ മേൽനോട്ടം വഹിക്കുന്നതിൽ വന്ന വീഴ്ചയും നിർവഹണ ഉദ്യോഗസ്ഥൻ പ്രൊജക്ട് നിർവഹണം ഗൗരവത്തിൽ കൈകാര്യം ചെയ്യാത്തതുമാണ് പ്രൊജക്ട് നടത്തിപ്പിലുണ്ടായ അപാകതകൾക്ക് കാരണം. മേൽ അപാകതകളുടെ വെളിച്ചത്തിൽ ഇരു പ്രൊജക്ടുകളിലുമായി വൃദ്ധർക്ക് കട്ടിൽ വിതരണം പദ്ധതി പ്രകാരം ചെലവഴിച്ച 4,92,480 രൂപയിൽ അധികം നൽകേണ്ടി വന്ന 38,532 രൂപയുടെ ചെലവ് നിരാകരിക്കുന്നതോടൊപ്പം തന്നെ മേൽ അപാകതകൾ കാരണം 4,53,948രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 3-12 ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും അവയുടെ വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങൾ 2010ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആശുപത്രികളിൽ ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും അവയുടെ വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കുന്നില്ല. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കു കീഴിലുള്ള ആശുപത്രികളിൽ രൂപീകരിക്കേണ്ട ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ ഘടന, യോഗ നടപടിക്രമങ്ങൾ, ബാങ്ക് അക്കൗണ്ട് എന്നിവയെ സംബന്ധിച്ച വിശദാംശങ്ങൾ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 12.01.2007ലെ ജി.ഒ.(എം.എസ്.)15/2007 ആ.കു.വ. ഉത്തരവിലുള്ളതും ആയത് ജി.ഒ.(എം.എസ്.) 79/2007 /ത.സ്വ.ഭ.വ. തീയതി 14.03.2007ൽ പരാമർശിച്ചിട്ടുള്ളതുമാണ്. മൂന്നു മാസത്തിലൊരിക്കൽ

മാനേജിംഗ് കമ്മിറ്റി കൂടേണ്ടതും, പഞ്ചായത്ത് ലഭ്യമാക്കുന്നതും പഞ്ചായത്ത് മുഖേന ലഭ്യമാക്കുന്നതുമായ ഫണ്ടുകൾ ആശുപത്രി വികസന ഫണ്ടിൽ വരവായി ഉൾപ്പെടുത്തേണ്ടതും ടി ഫണ്ടിന്റെ സൂക്ഷിപ്പിനും വിനിയോഗത്തിനുമായി ആശുപത്രി സ്ഥിതി ചെയ്യുന്ന സ്ഥലത്തോ അതിനടുത്ത് ഉള്ള ഒരു ദേശസാൽകൃത ബാങ്കിൽ മാനേജിംഗ് കമ്മിറ്റി ചെയർപേഴ്സൺന്റെയും മെമ്പർ സെക്രട്ടറിയുടെയും പേരിൽ ഒരു സംയുക്ത അക്കൗണ്ട് തുടങ്ങേണ്ടതുമാണ്. എന്നാൽ മെഡിക്കൽ ഓഫിസർ പി.എച്ച്.സി.ചെങ്കള, മെഡിക്കൽ ഓഫിസർ ഹോമിയോ, ചെങ്കള- എന്നിവർ നാളിതുവരെ ആശുപത്രി മാനേജിംഗ് കമ്മിറ്റി വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഗ്രാമപഞ്ചായത്തിലെ എച്ച്.എം.സി.കളുടെ പ്രവർത്തനത്തിൽ ഫലപ്രദമായി ഇടപെടുകയും പ്രവർത്തനം വിലയിരുത്തുകയും ചെയ്യുന്നില്ല. പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള 2010ലെ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി ചട്ടങ്ങൾ പ്രകാരമുള്ള പ്രവർത്തനങ്ങൾ മെഡിക്കൽ ഓഫീസറുടെ മേൽനോട്ടത്തിൽ നടക്കുന്നുവെന്നും നാളിതുവരെയുള്ള വാർഷിക കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് സമർപ്പിക്കുന്നുവെന്നും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതുമാണ്.

## 3-13 പ്രോജക്ടുകളുടെ നിർവ്വഹണം -മോണിറ്ററിംഗ് റിപ്പോർട്ട്, പൂർത്തീകരണ പത്രം എന്നിവ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്

പതിമൂന്നാം പഞ്ചവത്സരപദ്ധതി ജി.ഒ.(എം.എസ്.)72/2017 ത.സ്വ.ഭ.വ. തി: 29-03-2017 പ്രകാരം പ്രോജക്ട് മോണിറ്ററിംഗ് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്.മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. കൂടാതെ പ്രോജക്ട് നിർവ്വഹണം പൂർത്തിയായാൽ ഒരു പൂർത്തീകരണപത്രം എല്ലാ നിർവ്വഹണഉദ്യോഗസ്ഥരും തയ്യാറാക്കണം. പ്രോജക്ടിന്റെ ഭൗതിക നേട്ടങ്ങൾ, കൈവരിച്ച നേട്ടങ്ങൾ എന്നിവ പൂർത്തീകരണപത്രത്തിൽ ഉൾപ്പെടുത്തണം.

ഗ്രാമപഞ്ചായത്തിൽ 2017-18 വർഷത്തിൽ വി.ഇ.ഒ. ഒഴികെയുള്ള ഉദ്യോഗസ്ഥർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ മോണിറ്ററിംഗ് കാര്യക്ഷമമായി നടത്തുകയും, ആയത് രേഖപ്പെടുത്തുകയും പൂർത്തീകരണ പത്രം തയ്യാറാക്കുകയും ചെയ്തിട്ടില്ല. ഭാവിയിൽ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം പ്രോജക്ടുകളുടെ നിർവ്വഹണം പൂർത്തിയായാൽ മോണിറ്ററിംഗ് റിപ്പോർട്ട്, പൂർത്തീകരണ പത്രം എന്നിവ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-14 വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2017-18 സാമ്പത്തിക വർഷം വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഗ്രാമ പഞ്ചായത്ത് വിഹിതമായി 36,32,523/- രൂപ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മറ്റു സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ കൈമാറിയ തുകകളുടെ വിനിയോഗം കാണിക്കുന്ന ധന വിനിയോഗ സാക്ഷ്യപത്രം നാളിതുവരെയായിട്ടും ബന്ധപ്പെട്ടസ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് സാധിച്ചിട്ടില്ല. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും, വിനിയോഗസാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

| ക്രമ.നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതിയുടെ വിശദാംശം | ബിൽ.നം/ തിയതി | തുക(₹) | തുക നൽകിയതിന്റെ വിശദാംശം |
|---|---|---|---|---|---|
| 1 | ഹെഡ് മാസ്റ്റർ | പ്രോജക്ട് നം. 464/18 എസ്.എസ്.എ വിഹിതം | 01/17-18 18-01-2018 | 34,35,000 | ജില്ലാ പ്രോജക്ട് ഓഫീസർ S.S.A. കാസർഗോഡ് |
| 2 | സെക്രട്ടറി | പ്രോജക്ട് നം. SO0002/18 എസ്.എസ്.എ വിഹിതം | 12/17-18 21-07-2018 | 5,00,000 | ജില്ലാ പ്രോജക്ട് ഓഫീസർ S.S.A. കാസർഗോഡ് |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | പ്രോജക്ട് നം. 124/18 പാടി ബെള്ളൂർ നഗർ അംഗൻവാടിക്ക് ബോർവെൽ നിർമ്മാണം | 197085/ 28-03-2018 (ചെക്ക്) | 75,200 | ജില്ലാ ഓഫീസർ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് |
| 4 | സെക്രട്ടറി | പ്രോജക്ട് നം. 6/18 ഐ. കെ. എം. ന് പ്രവർത്തന ഫണ്ട് നൽകൽ | 60728/ 07-03-2018 (ചെക്ക്) | 1,22,323 | ജില്ലാ ഓഫീസർ ഐ. കെ. എം. |
| 5 | സെക്രട്ടറി | പ്രോജക്ട് നം.S.O.05/18 സാമൂഹ്യസുരക്ഷാ മിഷന് വിഹിതം | 13/17-18 21-07-2018 | 2,00,000 | കേരള സ്റ്റേറ്റ് സോഷ്യൽ സെക്യൂരിറ്റി മിഷൻ |
| | | | ആകെ | 43,32,523 | |

## 3-15 ഭിന്നശേഷിക്കാർക്ക് ഉപകരണം വാങ്ങൽ അപാകത .

| | |
|---|---|
| പ്രോജക്ട് നം. | 460/17-18 |
| പ്രോജക്ടിന്റെ പേര് | ഭിന്നശേഷിക്കാർക്ക് ഉപകരണം വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ , പി.എച്ച്.സി |
| ചെലവ് തുക | 8,25,000/-രൂപ (വികസന ഫണ്ട്-ജനറൽ) |
| ബിൽ നമ്പർ തീയതി | 12/17-18 തീയതി 17-03-2018 |

ഗ്രാമ പഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നമ്പർ 460/17-18 പ്രകാരം ഭിന്നശേഷിക്കാർക്ക് ഉപകരണം വാങ്ങൽ പദ്ധതിയുമായി ബന്ധപ്പെട്ട് മോട്ടോർഘടിപ്പിച്ച ട്രൈസൈക്കിൾ (സ്കൂട്ടർ) 11 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി പദ്ധതി നടപ്പിലാക്കി ആയതിന്റെ വിവരം താഴെ കൊടുക്കുന്നു.

കെൽട്രോൺ ഇലക്ട്രോണിക് സെറാമിക്ക് ലിമിറ്റഡ് കുറ്റിപ്പുറത്തിന്റെ 05-02-2018 ലെ ഇൻവോയ്സ് നമ്പർ.MKTG/TRD/0049/2017-18 പ്രകാരം 75,000/-രൂപ വിലയുള്ള 11 സ്കൂട്ടർ വിത്ത് സൈഡ് വീൽ (Hero Maestro-110 CC) വാങ്ങിയ വകയിൽ 8,25,000/-രൂപ കെൽട്രോൺ ഇലക്ട്രോണിക് സെറാമിക്ക് ലിമിറ്റഡ് കുറ്റിപ്പുറത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട് ( അക്കൗണ്ട് നമ്പർ.SBI.0000005705262527)11 ഗുണഭോക്താക്കൾക്ക് സ്കൂട്ടർ വിതരണം ചെയ്യുന്നതിനായി 11-01-2018 ൽ മെഡിക്കൽ ക്യാമ്പ് നടത്തിയതിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ ഓഫീസറുടെ 03-02-2-18 ലെ 702/17 -ാംനമ്പർ കത്ത് പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് സ്കൂട്ടർ വിതരണം ചെയ്യുന്നതിനായി കെൽട്രോൺ ഇലക്ട്രോണിക് സെറാമിക്ക് ലിമിറ്റഡ് കുറ്റിപ്പുറം എന്ന സ്ഥാപനത്തിനെ അറിയിക്കുകയുണ്ടായി. ഇതുപ്രകാരമുള്ള 11 ഗുണഭോക്താക്കളുടെ പേര് വിവരം ചുവടെകൊടുക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | സ്കൂട്ടറിന്റെ എഞ്ചിൻ നമ്പർ |
|---|---|---|
| 1 | ജഗദീഷ കെ S/o ഗണപതിഭട്ട് | JF33ABJ4B01850 |
| 2 | സുഹൈൽ അഹമ്മദ് | JF33ABJ4B03833 |
| 3 | ഹമീദ് എൻ.എം S/o എൻ എ മുഹമ്മദ് | JF33ABJ4B03375 |
| 4 | ഹമ്മദ് S/o അബ്ദുൾ റഹിമാൻ | JF33ABJ4B21297 |
| 5 | ദാക്ഷായണി എസ് D/o സരോജിനി | JF33ABJ4B03252 |

| | | |
|---|---|---|
| 6 | റഫീഖ് സി.എ S/oമുഹമ്മദ് | JF33ABJ4B18942 |
| 7 | അബ്ദുൾ മുനീർ S/o മൂസകുഞ്ഞി | JF33ABJ4B04328 |
| 8 | മുഹിനുദീനൽ ജിസ്തി കെ കെ<br>S/o കെ എ കുഞ്ഞാലി | JF33ABJ4B18895 |
| 9 | ഹനീഫ സി.എ S/oഅബ്ദുല്ല | JF33ABJ4B10620 |
| 10 | അബൂബക്കർ എം എം S/o അബ്ദുള്ള എം | JF33ABJ4B16972 |
| 11 | അബ്ദുൾ ഖാദർ പി.എ S/o അഹമ്മദ് | JF33ABJ4B21219 |

ഈ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം നൽകിയിട്ടില്ല.

i) ക്രമ നമ്പർ 8 പ്രകാരമുള്ള മുഹിനുദീനൽ ജിസ്തി കെ കെ S/o കെ എ കുഞ്ഞാലി എന്ന വ്യക്തി അയാൾക്ക് അനുവദിച്ച മുചക്രവാഹനം ആവശ്യമില്ലെന്നറിയിച്ച് കരാർ പ്രകാരം മെഡിക്കൽ ഓഫീസർക്ക് തിരിച്ച് നൽകിയിട്ടുണ്ട് എന്ന വിവരം 26-07-2018 ലെ 702/2017-ാം നമ്പർ കത്ത് പ്രകാരം മെഡിക്കൽ ഓഫീസർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെ അറിയിക്കുകയുണ്ടി. എന്നാൽ തിരിച്ച് ഏൽപ്പിച്ച ഈ മുചക്രവാഹനത്തിന്റെ നിലവിലുള്ള അവസ്ഥയുടെ വിവരങ്ങൾ ഓഡിറ്റ് ലഭ്യമാക്കിയിട്ടില്ല.

ii) മുചക്രവാഹനം കൈപ്പറ്റിയ ഗുണഭോക്താക്കൾ ആരം തന്നെ വാഹനം കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീതി ഹാജരാക്കിയിട്ടില്ല ആയത് ഹാജരാക്കേണ്ടതാണ്. കൂടാതെ മുചക്രവാഹനം സ്റ്റോക്കിൽ എടുത്തതിന്റെ സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

iii) മേൽപറഞ്ഞ പ്രോജക്ട് പ്രകാരം ആകെ 11 ഗുണഭോക്താക്കൾക്കാണ് മോട്ടോർഘടിപ്പിച്ച ട്രൈസൈക്കിൾ (സ്കൂട്ടറുകൾ) വിതരണം ചെയ്തിട്ടുണ്ട് എന്നാൽ ഗുണഭോക്താക്കളുടെ ഡ്രൈവിംഗ് വൈദഗ്ദ്യത്തെ കുറിച്ചുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല. വാഹനം ലഭിച്ചവർ അതിനുശേഷം ലൈസൻസ് കരസ്ഥമാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

iv) പ്രോജക്ട് നമ്പർ 460/17-18 പ്രകാരം 11 ഗുണഭോക്താക്കൾക്ക് സ്കൂട്ടർ വിതരണം ചെയ്തതിട്ടുണ്ട്. എന്നാൽ വാഹനങ്ങളുടെ ഇൻഷുറൻസ് സംബന്ധിച്ച രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

v) 11 ഗുണഭോക്താക്കൾക്ക് 8 വർഷത്തിനുള്ളിൽ വികലാംഗ പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി വികലാംഗർക്കുള്ള സ്കൂട്ടർ ആനുകൂല്യങ്ങൾ ഒന്നും തന്നെ ജില്ലാ പഞ്ചാത്തുകളിൽ നിന്നോ, മറ്റു വകുപ്പുകളിൽ നിന്നോ നൽകിയിട്ടില്ലെന്ന സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിട്ടില്ല. ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

vi) ഈ പദ്ധതിക്ക് ടെണ്ടർ ക്ഷണിച്ചത്,ലഭിച്ച ടെണ്ടറുകൾ.പർച്ചേസ് കമ്മിറ്റി,ഭരണസമിതി എന്നിവ ടെണ്ടർ അംഗീകരിച്ച് ലഭ്യമാക്കിയ മോട്ടോർഘടിപ്പിച്ച ട്രൈസൈക്കിൾ (സ്കൂട്ടറുകൾ)

സ്പെസിഫിക്കേഷൻ പരിശോധിച്ചത്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ സംബന്ധിച്ച രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹജരാക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി നമ്പർ. 12/22-12-2018 പ്രകാരം വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ചൂണ്ടികാട്ടിയ രേഖകൾ ഹാജരാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിച്ച് വിശദവിവിരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതുവരെ ചെലവ് തുക 8,25,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-16 പ്രോജക്ട് നം-80/17-18 കൃഷിഭവന് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ - അപാകത

| | |
|---|---|
| പ്രോജക്ട് നം. | 80/17-18 |
| പ്രോജക്ടിന്റെ പേര് | കൃഷിഭവന് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| ചെലവ് തുക | 76,800/-രൂപ (വികസന ഫണ്ട്-ജനറൽ) |
| ബിൽ നമ്പർ തീയതി | 01/17-18 തീയതി 12-10-2017 |

2017-18സാമ്പത്തിക വർഷം കൃഷിഭവൻ ഓഫീസിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങുന്നതിനു വേണ്ടി പ്രോജക്ട് നം-80/17-18 പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേരും നമ്പറും | ബിൽ നമ്പർ/തീയതി | തുക | വാങ്ങിയസാധനങ്ങളുടെ വിവരം | വിതരണ സ്ഥാപനം |
|---|---|---|---|---|---|
| 1 | കൃഷിഭവന് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ. പ്രോജക്ട് നം-80/17-18 | 01/17-18 തീയതി 12-10-2017 | 76,800/ | എച്ച്.പ്.ഡെസ്ക്ടോപ്പ് -2 എണ്ണം പ്രിന്റർ - 1 | പെൻന്റിയം കമ്പ്യൂട്ടർ കാസർഗോഡ്. ഇൻവോയ്സ് നമ്പർ.17/20-09-2017 |

ഈ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം നൽകിയിട്ടില്ല.

1)കൃഷിഭവൻ ഓഫീസിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ- എന്ന പ്രൊജക്ടിൽ ക്വട്ടേഷൻ ഷെഡ്യൂളിൽ വാങ്ങിയ ഉപകരണങ്ങളുടെ വാറന്റി സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2)കമ്പ്യൂട്ടറും പ്രിന്ററും വിതരണം ചെയ്ത സ്ഥാപനം സാധനങ്ങൾ വാങ്ങുന്നതിനായി കരാർ വ്യവസ്ഥ ചമച്ചിട്ടില്ല. എന്നാൽ നിയമ വ്യവസ്ഥകൾ പാലിക്കാതെയും കംപ്യൂട്ടറുകളുടെ കമ്പോള വില നിലവാരം പരിശോധിക്കാതെയുമാണ് പ്രോജക്ടുകളിലും നിർവ്വഹണ ഉദ്യോഗസ്ഥൻ പർച്ചേയ്സ് നടത്തിയത്. കരാർ വെച്ച് തുടർ സേവനം ഉറപ്പ് വരുത്താതെ തുക മുഴുവൻ നൽകിയത് ശരിയായ നടപടിയല്ല. ഇത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3)സാങ്കേതിക സ്വഭാവമുള്ള ഉപകരണങ്ങൾ വാങ്ങുമ്പോൾ, ആയതിന്റെ ഗുണമേന്മ സാങ്കേതിക യോഗ്യതയുള്ള ആൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തണം. എന്നാൽ അപ്രകാരമുള്ള സാക്ഷ്യപത്രമില്ലാതെയാണ് പണം നൽകിയിട്ടുള്ളത്.

4)ഈ പദ്ധതിക്ക് പർച്ചേസ് കമ്മിറ്റി, ഭരണസമിതി എന്നിവ ടെണ്ടർ അംഗീകരിച്ചത്. ലഭ്യമാക്കിയ കമ്പ്യൂട്ടറും പ്രിന്ററും ഗുണനിലവാരം പരിശോധിച്ചത്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ സംബന്ധിച്ച രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.8/21-12-2018 പ്രകാരം മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ചൂണ്ടികാട്ടിയ രേഖകൾ ഹാജരാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിച്ച് വിശദവിവിരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതുവരെ ചെലവ് തുക 76,800/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-17 കൃഷിഭവന് സൗണ്ട് സിസ്റ്റം,ആംപ്ലിഫയർ,സ്പീക്കർ അനുബന്ധ സാധനങ്ങൾ വാങ്ങൽ - അപാകത

| | |
|---|---|
| പ്രോജക്ട് നം. | 383/17-18 |
| പ്രോജക്ടിന്റെ പേര് | കൃഷിഭവന് സൗണ്ട് സിസ്റ്റം, ആംപ്ലിഫയർ, സ്പീക്കർ അനുബന്ധ സാധനങ്ങൾ വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| ചെലവ് തുക | 22,300/-രൂപ (വികസന ഫണ്ട്-ജനറൽ) |
| ബിൽ നമ്പർ തീയതി | 02/17-18 തീയതി 12-10-2017 |

2017-18 സാമ്പത്തിക വർഷം കൃഷിഭവൻ ഓഫീസിലേക്ക് സൗണ്ട് സിസ്റ്റം,ആംപ്ലിഫയർ,സ്പീക്കർ അനുബന്ധ സാധനങ്ങൾ വാങ്ങുന്നതിനു വേണ്ടി പ്രോജക്ട് നം-383/17-18 പ്രകാരം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ | പ്രോജക്ടിന്റെ പേരും നമ്പറും | ബിൽ | തുക | വാങ്ങിയ | വിതരണ സ്ഥാപനം |
|---|---|---|---|---|---|

| നം. | | നമ്പർ/ തീയതി | | സാധനങ്ങളുടെ വിവരം | |
|---|---|---|---|---|---|
| 1 | കൃഷിഭവന് സൗണ്ട് സിസ്റ്റം,ആംപ്ലിഫയർ,സ്പീക്കർ അനുബന്ധ സാധനങ്ങൾ വാങ്ങൽ. പ്രോജക്ട് നം-383/17-18 | 02/17-18 തീയതി 12-10-2017 | 22,300/ | 1)മിക്സർ ആംപ്ലിഫയർ- 1 എണ്ണം<br>2)സ്പീക്കർ - 2 എണ്ണം<br>3)മൈക്രോ ഫോൺ AWM-520 VH-1എണ്ണം<br>4)മൈക്രോ ഫോൺ ADM-511 -1എണ്ണം | പെൻന്റിയം കമ്പ്യൂട്ടർ കാസർഗോഡ്.<br>ഇൻവോയ്സ് നമ്പർ.16/20-09-2017 |

ഈ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം നൽകിയിട്ടില്ല.

1. കൃഷിഭവൻ ഓഫീസിലേക്ക് സൗണ്ട് സിസ്റ്റം,ആംപ്ലിഫയർ,സ്പീക്കർ അനുബന്ധ സാധനങ്ങൾ വാങ്ങൽ- എന്ന പ്രൊജക്ടിൽ ക്വട്ടേഷൻ ഷെഡ്യൂളിൽ വാങ്ങിയ ഉപകരണങ്ങളുടെ വാറന്റി സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
2. സൗണ്ട് സിസ്റ്റം,ആംപ്ലിഫയർ,സ്പീക്കർ അനുബന്ധ സാധനങ്ങൾ വിതരണം ചെയ്ത സ്ഥാപനം സാധനങ്ങൾ വാങ്ങുന്നതിനായി കരാർ വ്യവസ്ഥ ചമച്ചിട്ടില്ല. കരാർ വെച്ച് തുടർ സേവനം ഉറപ്പ് വരുത്താതെ തുക മുഴുവൻ നൽകിയത് ശരിയായ നടപടിയല്ല. ഇത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
3. സാങ്കേതിക സ്വഭാവമുള്ള ഉപകരണങ്ങൾ വാങ്ങുമ്പോൾ, ആയതിന്റെ ഗുണമേന്മ സാങ്കേതിക യോഗ്യതയുള്ള ആൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തണം. എന്നാൽ അപ്രകാരമുള്ള സാക്ഷ്യപത്രമില്ലാതെയാണ് പണം നൽകിയിട്ടുള്ളത്.
4. ഈ പദ്ധതിക്ക് പർച്ചേസ് കമ്മിറ്റി, ഭരണസമിതി എന്നിവ ക്വട്ടേഷൻ അംഗീകരിച്ചത്. ലഭ്യമാക്കിയ സൗണ്ട് സിസ്റ്റം,ആംപ്ലിഫയർ,സ്പീക്കർ അനുബന്ധ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിച്ചത്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ സംബന്ധിച്ച രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹജരാക്കിയിട്ടില്ല.
   ഓഡിറ്റ് എൻക്വയറി നം.9/21-12-2018 പ്രകാരം മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ചൂണ്ടികാട്ടിയ രേഖകൾ ഹാജരാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിച്ച് വിശദവിവിരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതുവരെ ചെലവ് തുക 22,300/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-18 കാർഷിക മേഖലയിലെ പദ്ധതി നടത്തിപ്പ് -രേഖകളുടെ സൂക്ഷിപ്പിൽ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ കൃഷി ഓഫീസർ നടപ്പിലാക്കിയ വിവിധ പദ്ധകളുമായി ബന്ധപ്പെട്ട രേഖകളുടെ സൂക്ഷിപ്പിൽ ചില ന്യൂനതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി. വിശദാംശം ചുവടെ ചേർക്കുന്നു. ന്യൂനതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കുവാനും ഭാവിയിൽ ഇവ ആവർത്തിക്കാതിരിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

| പ്രൊജക്ട് വിശദാംശം | ട്രഷറി ബിൽ നം | തുക(₹) |
|---|---|---|
| പ്രൊജക്ട് നം. 81/17-18 തെങ്ങ് കൃഷി വികസനം | 5/6-1-2018 | 4,02,480 |
| | 9/15-1-2018 | 2,83,680 |
| | 12/9-2-2018 | 2,06,800 |
| | 14/28-2-2018 | 3,87,750 |
| | 15/28-2-2018 | 1,47,690 |
| | 16/24-3-2018 | 1,18,260 |
| | 21/24-3-2018 | 1,04,040 |
| പ്രൊജക്ട് നം. 82/17-18 കവുങ്ങ് കൃഷി വികസനം | 6/6-1-2018 | 2,18,160 |
| | 8/15-1-2018 | 1,41,120 |
| | 13/9-2-2018 | 1,65,600 |
| | 18/24-3-2018 | 45,000 |
| | 19/24-3-2018 | 7,419 |
| | 20/24-3-2018 | 14,510 |
| പ്രൊജക്ട് നം. 83/17-18 സമഗ്ര നെൽ കൃഷി വികസനം | 3/31-10-2017 | 2,89,680 |
| | 4/31-10-2017 | 1,35,320 |

| | | |
|---|---|---|
| | 7/15-1-2018 | 1,92,000 |
| | 11/9-2-2018 | 92,475 |
| | 17/24-3-2018 | 33,075 |
| പ്രൊജക്ട് നം.85/17-18 പച്ചക്കറി കൃഷി വികസനം | 10/15-1-2018 | 1,35,720 |
| | 22/24-3-2018 | 1,70,000 |

1)പ്രൊജക്ട് നം. 81/17-18 പ്രകാരം 16,50,700/രൂപ തെങ്ങ് കൃഷി വികസനത്തിന് ജൈവവളം നൽകുന്നതിനായും, പ്രൊജക്ട് നം. 82/17-18 പ്രകാരം 5,91,809/-രൂപ കവുങ്ങ് കൃഷി വികസനത്തിന് ജൈവവളം നൽകുന്നതിനായും, പ്രൊജക്ട് നം. 83/17-18 പ്രകാരം 7,42,550/-രൂപ സമഗ്ര നെൽ കൃഷി വികസനത്തിന് കൂലി ചെലവ് നൽകുന്നതിനായും, പ്രൊജക്ട് നം. 85/17-18 പ്രകാരം 3,05,720/-രൂപ പച്ചക്കറി കൃഷി വികസനത്തിനുവേണ്ടി കൂലിചെലവ് നൽകുന്നതിനായും തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾ കൃഷി ചെയ്തത് ഉറപ്പാക്കുന്നതിനായി പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരമുള്ള കൃഷി ഓഫീസറുടെ പരിശോധന സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയത് ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം ഹാജരാക്കേണ്ടതുമാണ്.

2)ഓഡിറ്റ് വർഷം നടപ്പാക്കിയ പദ്ധതികളുടെ മോണിറ്ററിങ്ങ് സമിതി റിപ്പോർട്ടുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മോണിറ്ററിങ്ങ് സമിതി റിപ്പോർട്ടുകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനുവേണ്ടിയുള്ള സ്വീകരിക്കേണ്ടതും ആയത് ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം ഹാജരാക്കേണ്ടതുമാണ്. (മേൽ സൂചിപ്പിച്ച അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി നമ്പർ.10/21-12-2018 പ്രകാരം വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല.)

## 3-19 തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്,വെള്ളക്കരം - സംയുക്ത പരിശോധന നടത്തി അടവു തുക പുനർ നിർണ്ണിയിക്കേണ്ടതാണ്.

1. ഗ്രാമ പഞ്ചായത്തിൽ ജല അതോറിറ്റി നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിക്ക് വാട്ടർ ചാർജ് അടച്ചുവരുന്നുണ്ട്. സ.ഉ(സാ)1275/2009/ത.സ്വ.ഭ.വ. തിയ്യതി- 30-05-2009 ഉത്തരവു പ്രകാരം തദ്ദേശ സ്ഥാപനം ജലഅതോറിറ്റി നിയോഗിക്കുന്ന ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ പരിശോധന നടത്തി ആകെ ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ , പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ കണക്കുകൾ ശേഖരിച്ച് അതിനനുസൃതമായാണോ പണം അടവാക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഓരോ മാസവും ജല അതോറിറ്റി സമർപ്പിക്കുന്ന ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിൽ 37,188/-രൂപനിരക്കിൽ (ഒരു വർഷം 4,46,256 രൂപ) ജല അതോറിറ്റിയിൽ അടവാക്കുന്നുണ്ട്. ആയത് പരിശോധിക്കുന്നതിന് ചുവടെ കൊടുക്കുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല :

1.ഗ്രാമപഞ്ചായത്തിൽ ആകെ പരിപാലിച്ചുവരുന്ന പൊതുടാപ്പുകളുടെ കൃത്യമായ എണ്ണം സംബന്ധിച്ച രജിസ്റ്റർ.

2. സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ട്.

ടാപ്പുകളുടെ ഉപയോഗക്ഷമത സംയുക്ത പരിശോധന നടത്തി ഉറപ്പ് വരുത്തേണ്ടതും ആയതിൻെറ അടിസ്ഥാനത്തിൽ വെള്ളക്കരം പുനർ നിർണ്ണിയിക്കേണ്ടതുമാണ്.

II. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ പ്രതിമാസത്തിൽ KSEB സെക്ഷനിൽ 22,25,766/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ആയത് പരിശോധിക്കുന്നതിന് ചുവടെ കൊടുക്കുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല :

1.ഗ്രാമപഞ്ചായത്തിൽ ആകെ പരിപാലിച്ചുവരുന്ന തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം, ഇനം എന്നിവ സംബന്ധിച്ച രജിസ്റ്റർ.

2. KSEBയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ട്.

നിലവിൽ തെരുവു വിളക്കുകളുടെ എണ്ണം സംബന്ധിച്ച് കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ആയതിൻെറ അടിസ്ഥാനത്തിൽ വൈദ്യുത ചാർജ്ജ് പുനർ നിർണ്ണിയിക്കേണ്ടതാണ്.( ഓഡിറ്റ് എൻക്വയറി നം.26 തീയ്യതി 24-12-2018)

## 3-20 വിവിധ പ്രവൃത്തികൾക്ക് കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ തുക നിക്ഷേപിച്ചത് - അപാകത.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ഫണ്ട് - തനത് ഫണ്ട്.

1)പ്രൊജക്ട് നം.245/18

ചെങ്കള ഗ്രാമപഞ്ചായത്തിലെ സിറ്റിസൺ നഗർ അലാമ നഗർ റോഡ് സ്ഥലത്ത് ഇലക്ട്രിസിറ്റി പോസ്റ്റ് മാറ്റിവെക്കൽ പദ്ധതിക്കായി താഴെപ്പറയുന്ന ബില്ല് പ്രകാരം തുക കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ നിക്ഷേപം നടത്തിയിട്ടുണ്ട്.

ചെക്ക് നം.1970805/01-08-2017, വൗച്ചർ നം.21700257/01-08-2017- 49,734/-

ചെങ്കള ഗ്രാമപഞ്ചായത്തിലെ സിറ്റിസൺ നഗർ അലാമ നഗർ റോഡ് സ്ഥലത്ത് ഇലക്ട്രിസിറ്റി പോസ്റ്റ് മാറ്റിവെക്കൽ എന്ന പദ്ധതിയാണിത്. ഈ പദ്ധതിക്കായി മേൽ ബില്ല് പ്രകാരം ആകെ 49,734/- രൂപ അസി. എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ചെർക്കള സെക്ഷന്റെ പേരിൽ എസ്.ബി.ഐ ബാങ്ക് കാസർഗോഡ് ബ്രാഞ്ചിലെ അക്കൗണ്ട് നം.67086428155 ൽ നിക്ഷേപം നടത്തിയിട്ടുണ്ട്. എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ചെർക്കള സെക്ഷൻ സമർപ്പിച്ച കത്ത് നം.കത്ത് നം.Demand cum intimation notice/dt.27-07-2017 പ്രകാരമാണ് തുക നിക്ഷേപം നടത്തിയത്.

2)പ്രൊജക്ട് നം.309/18

ചെങ്കള ഗ്രാമപഞ്ചായത്തിലെ വടക്കേക്കര റോഡ് വൈദ്യുതി ലൈൻ മാറ്റിവെക്കൽ പദ്ധതിക്കായി താഴെപ്പറയുന്ന ബില്ല് പ്രകാരം തുക കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ നിക്ഷേപം നടത്തിയിട്ടുണ്ട്.

ചെക്ക് നം.1970806/01-08-2017, വൗച്ചർ നം.31700136/01-08-2017 -69,925/-

ചെങ്കള ഗ്രാമപഞ്ചായത്തിലെ വടക്കേക്കര റോഡ് വൈദ്യുതി ലൈൻ മാറ്റിവെക്കൽ എന്ന പദ്ധതിയാണിത്. ഈ പദ്ധതിക്കായി മേൽ ബില്ല് പ്രകാരം ആകെ 69,925/- രൂപ അസി. എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ചെർക്കള സെക്ഷന്റെ പേരിൽ എസ്.ബി.ഐ ബാങ്ക് കാസർഗോഡ് ബ്രാഞ്ചിലെ അക്കൗണ്ട് നം.67086428155 ൽ നിക്ഷേപം നടത്തിയിട്ടുണ്ട്. എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ചെർക്കള സെക്ഷൻ സമർപ്പിച്ച കത്ത് നം.A1-5258/17-18/09/17Dt.05-07-2017 പ്രകാരമാണ് തുക നിക്ഷേപം നടത്തിയത്.

മേൽ പദ്ധതിക്കായി മേൽപറഞ്ഞ ചെക്കുകൾ പ്രകാരം ആകെ 1,19,659/- രൂപ കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ നിക്ഷേപം നടത്തിയിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1)ഈ പദ്ധതികൾക്കായി കേരള സംസ്ഥാന വൈദ്യുതി ബോർഡ് സമർപ്പിച്ച എസ്റ്റിമേറ്റ് ഭരണസമിതി അംഗീകരിച്ചതിന്റെ വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2)ആകെ 1,19,659/- രൂപ കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഈ പ്രവൃർത്തികൾ പൂർത്തികരിച്ചതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. പൂർത്തീകരിച്ചിട്ടില്ലെങ്കിൽ ഈ പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദീകരിക്കേണ്ടതാണ്.

3)മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.27/24-12-2018 പ്രകാരം മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. പദ്ധതി പൂർത്തീകരിക്കാൻ കേരള സംസ്ഥാന വൈദ്യുതി ബോർഡുമായി ബന്ധപ്പെട്ട് അടിയന്തിര നടപടികൾ സ്വീകരിച്ച് വിശദവിവിരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതുവരെ ചെലവ് തുക 1,19,659/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-21 ശമ്പളപരിഷ്കരണ കുടിശ്ശിക -അധികം അനുവദിച്ചത് -മറ്റ് അപാകതകൾ

G.O(P) No.45/17 fin 09-04-2017 ഉത്തരവ് പ്രകാരം സംസ്ഥാന ഗവൺമെന്റ് ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക നാല് ഗഡുക്കളായി വിഭജിച്ച് അർഹതപ്പെട്ട പലിശ സഹിതം പ്രത്യേകം അനുവദിക്കപ്പെട്ട കാളയളവുകളിലായി പിൻവലിച്ച് ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടുകളിൽ നിക്ഷേപിക്കുവാൻ നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ച് ആദ്യ ഗഡു 01-04-17 നും, രണ്ടാം ഗഡു 01-10-17നും, മൂന്നാം ഗഡു 01-04-18നും, നാലാം ഗഡു 01-10-2018നുമാണ് പിൻവലിക്കേണ്ടിയിരുന്നത്. എന്നാൽ സർക്കാർ ഉത്തരവ് അതിലംഘിച്ച് ഗ്രാമ പഞ്ചായത്ത് ജീവനക്കരുടെ ശമ്പള പരിഷ്കരണ കുടിശ്ശികയും പലിശയും ഉൾപ്പടെയുള്ള തുക മൊത്തമായി

പിൻവലിച്ച് (നാലു ഗഡുക്കളും ഒരുമിച്ച്) പഞ്ചായത്ത് ഫണ്ടിൽ നിന്നും പിൻവലിച്ച് (ചെക്ക് നം.1970801/ തിയതി.19-7-2017 ₹ 7,38,251) 9 ജീവനക്കരുടെ പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുകയുണ്ടായി. കൂടാതെ കുടിശ്ശിക അനുവദിച്ചപ്പോൾ ജീവനക്കാർക്ക് അർഹതപ്പെട്ടതിലും അധികം തുക അനുവദിച്ചിട്ടുണ്ട്. ഇതുമൂലം ഗ്രാമ പഞ്ചായത്ത് ഫണ്ടിന് 83,943രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര് | അർഹതപ്പെട്ട ശമ്പള പരിഷ്കരണ കുടിശ്ശികയും പലിശ സഹിതം | | | ജീവനക്കാരുടെ പി.എഫിൽ നിക്ഷേപിച്ച / നേരിട്ട് നൽകിയ തുക(₹) | അധികം നൽകിയ തുക(₹) |
|---|---|---|---|---|---|---|
| | | കുടിശ്ശിക(₹) | പലിശ(₹) | ആകെ(₹) | | |
| 1 | എ.ജെ.ജോസ് പ്രകാശ്, ജൂനിയർ സൂപ്രണ്ട് | 94440 | 15747 | 110187 | 127633 | 17446 |
| 2 | ബാബു.എം, അസിസ്റ്റന്റ് സെക്രട്ടറി | 78476 | 13086 | 91562 | 100654 | 9092 |
| 3 | മുരളീധരൻ.ആർ<br>യു.ഡി ക്ലർക്ക് | 40120 | 6690 | 46810 | 54263 | 7453 |
| 4 | ബിനു പി.വി. ക്ലർക്ക് | 79604 | 13274 | 92878 | 107584 | 14706 |
| 5 | അബ്ദുൾ ജലീൽ യു ക്ലർക്ക് | 43720 | 7290 | 51010 | 59089 | 8079 |
| 6 | ശ്രീധരൻ.പി.ക്ലർക്ക് | 71260 | 11883 | 83143 | 96307 | 13164 |
| 7 | രാധാമണി.പി. പാർട്ട് ടൈം ലൈബ്രേറിയൻ | 25144 | 4193 | 29337 | 33982 | 4645 |
| 8 | അശോകൻ.സി. പാർട്ട് ടൈം പോണ്ട് കീപ്പർ | 25320 | 4222 | 29542 | 34221 | 4679 |
| 9 | വിശ്വംബരൻ വി.എം<br>പാർട്ട്ടൈം സ്കാവൻഞ്ചർ | 25320 | 4222 | 29542 | 34221 | 4679 |
| 10 | ബാബു.കെ.വി ഓഫീസ് അറ്റൻഡന്റ് | | | | 90297 * | - |
| ആകെ | | | | | 738251 | 83943 |

ഇക്കാര്യം പരിശോധിച്ച് ശമ്പള പരിഷ്കരണ കുടിശ്ശികയിനത്തിൽ അധികം കൈപ്പറ്റിയ തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് . അധികം നൽകിയ 83,943രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. കൂടാതെ പ്രോവിഡന്റ് ഫണ്ടിൽ മുൻകൂട്ടി തുക നിക്ഷേപിച്ചത് മൂലം ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിൽ അധികമായി ആർജ്ജിച്ച പലിശ തുക ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിൽ അടവാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും, സർക്കാർ ഉത്തരവ് ലംഘിച്ചതിനും, അശ്രദ്ധമായി പഞ്ചായത്ത് ഫണ്ട് കൈകാര്യം ചെയ്തതിനും ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ലഭ്യമാക്കി , ആവശ്യമെങ്കിൽ വകുപ്പു തല നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്. അപാകതകൾ പരിഹരിച്ച് മറുപടി സമർപ്പിക്കുന്നതുവരെ 6,54,308/- (7,38,251- 83,943) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(*ശ്രീ ബാബു.കെ.വി ഓഫീസ് അറ്റൻഡന്റ് ശമ്പള നിർണ്ണയ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ഇദ്ദേഹത്തിന് കുടിശ്ശികയിനത്തിൽ അധികം തുക നല്കിയിട്ടുണ്ടോയെന്ന് പരിശോധിക്കുവൻ സാധിച്ചിട്ടില്ല. ഇദ്ദേഹത്തിന്റെ പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ടിൽ കുടിശ്ശികയിനത്തിൽ 90,297 രൂപ നിക്ഷേപിച്ചിട്ടുണ്ട്. ഇദ്ദേഹത്തിന്റെ ശമ്പള നിർണ്ണയ പത്രിക പരിശോധിച്ച് കുടിശ്ശികയിനത്തിൽ അധികം തുക നല്കിയിട്ടുണ്ടെങ്കിൽ ആയത് ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. കൂടാതെ പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ടിൽ അധികമായി ആർജ്ജിച്ച പലിശ തുകയും തിരികെ ഈടാക്കി സഞ്ചിത നിധിയിൽ അടവാക്കേണ്ടതാണ്. )

## 3-22 ശമ്പള പരിഷ്കരണം നടത്തിയതിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല

സ.ഉ.(പി)7/2016/ഫിൻ. തീ. 20.01.2016 പ്രകാരം ജീവനക്കാരുടെ പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2017-18 സാമ്പത്തികവർഷത്തിൽ ജീവനക്കാരുടെ ശമ്പളകുടിശ്ശികയുടെ 2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. മേൽ ഉത്തരവിലെ ഖണ്ഡിക 48 പ്രകാരം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. 1, 2 ഗഡുക്കൾ അടവാക്കിയ ജീവനക്കാരുടെ പെൻഷൻ കോണ്ട്രിബ്യൂഷൻ അടവാക്കിയതായി കാണുന്നില്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി 01.04.2013 ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചതും, മേൽകാലയളവിൽ ശമ്പള പരിഷകരണ കുടിശ്ശികയുടെ 1,2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കപ്പെട്ടതുമായ എല്ലാ ജീവനക്കാരുടെയും പെൻഷൻ കോൺട്രിബ്യൂഷനും ആയതിന് ശേഷം ജോലിയിൽ പ്രവേശിച്ചവരുടെ കോൺട്രിബ്യൂട്ടറി പെൻഷനും അടവാക്കി വിശദ വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക(₹) | മുന്നിരിപ്പ് ഉൾപ്പെടെ(₹) | പ്രോജക്ടിന്റെ പേര് | ചെലവ്(₹) | ബാലൻസ്(₹) |
|---|---|---|---|---|---|---|---|
| 1 | ജില്ലാപഞ്ചായത്ത് | 17-18 | 4,25,000 | 4,25,000 | സമഗ്ര നെൽകൃഷി വികസനം | 4,25,000 | 0 |
| 2 | ജില്ലാപഞ്ചായത്ത് | 17-18 | 10,00,000 | 10,00,000 | കിണർ റീചാർജിംഗ് | 0 | 10,00,000 |
| 3 | ജില്ലാപഞ്ചായത്ത്/ | 17-18 | 13,000 | 13,000 | പാലിന് സബ്സിഡി | 0 | 13,000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | പദ്ധതി | | |
| 4 | ജില്ലാപഞ്ചായത്ത്/ | 17-18 | 100000 | 100000 | പാലിയേറ്റീവ് കെയർ | 0 | 100000 |
| 5 | ജില്ലാപഞ്ചായത്ത്/ | 17-18 | 1,90,050 | 1,90,050 | ശൗചാലയ നിർമ്മാണം | 1,38,600 | 51,450 |
| 6 | ജില്ലാപഞ്ചായത്ത്/ | 17-18 | 16,50,000 | 16,50,000 | പൂർത്തികരിക്കാത്ത ജനറൽ വീടുകളുടെ പൂർത്തികരണം | 0 | 16,50,000 |
| 7 | ബ്ലോക്കപഞ്ചായത്ത് | 17-18 | 1,70,000 | 1,70000 | പച്ചക്കറി കൃഷിവികസനം | 0 | 1,70,000 |
| 8 | ബ്ലോക്ക് പഞ്ചായത്ത് | 17-18 | 75,000 | 75,000 | പാലിന് സബ്സിഡി പദ്ധതി | 0 | 7,5000 |
| 9 | ബ്ലോക്ക് പഞ്ചായത്ത് | 17-18 | 2,00,000 | 2,00,000 | പാലിയേറ്റീവ് കെയർ | 0 | 2,00,000 |
| 10 | ബ്ലോക്ക് പഞ്ചായത്ത് | 17-18 | 1,88,650 | 1,88,650 | ശൗചാലയ നിർമ്മാണം | 0 | 1,88,650 |
| 11 | ബ്ലോക്ക് പഞ്ചായത്ത് | 17-18 | 9,09,729 | 9,09,729 | പൂർത്തികരിക്കാത്ത ജനറൽ വീടുകളുടെ പൂർത്തീകരണം | 80,000 | 8,29,729 |
| 12 | ബ്ലോക്ക് പഞ്ചായത്ത് | 17-18 | 5,00,000 | 5,00,000 | ചെർക്കള പൊടിപ്പള്ളം എരിയപ്പാടിറോഡിന് നബാർഡ് വിഹിതം | 0 | 5,00,000 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക(₹) | ചെലവഴിച്ച തുക(₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക(₹) |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്,ചെങ്കള | വൈദ്യുത ലൈൻ നീട്ടൽ-പട്ടേൽ-ബിസ്മില്ലാ റോഡ് | 56/17-18 | 1,18,900 | 0 | 1,18,900 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്,ചെങ്കള | വൈദ്യുത ലൈൻ നീട്ടൽ-പനാലം പാത്രുവളപ്പ് | 54/17-18 | 57,938 | 0 | 57,938 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്,ചെങ്കള | വൈദ്യുത ലൈൻ നീട്ടൽ- NH തേർവാനം റോഡ് | 55/17-18 | 2,00,000 | 0 | 2,00,000 |

| | | | | | |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്,ചെങ്കള | വൈദ്യുത ലൈൻ നീട്ടൽ- ചേർക്കള -മായൻകര അമ്പലം റോഡ് | 57/17-18 | 1,00,000 | 0 | 1,00,000 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്,ചെങ്കള | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ,സിറ്റിസൻ നഗർ-അലാമ നഗർ | 1970805/ 01.8.2017 | 49,734 | 0 | 49,734 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്,ചെങ്കള | വൈദ്യുത ലൈൻ മാറ്റി സ്ഥാപിക്കൽ- വടക്കേകര റോഡ് | 1970806/ 01.8.2017 | 69,925 | 0 | 69,925 |
| ഭൂജല വകുപ്പ്, കാസർഗോഡ് | അംഗൻവാടികൾക്ക് ബോർവെൽ | 50/5.3.2018 (28,000രൂപ)+ 60/23.3.2018 (10,77,350) | 11,05,350 | 0 | 11,05,350 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

| ക്രമ നമ്പർ | കൺവിനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ /ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | അഡ്ജസ്റ്റ് ചെയ്ത തുക | ബാക്കി |
|---|---|---|---|---|---|---|
| ഇല്ല | | | | | | |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(₹) | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(₹) |
|---|---|---|---|---|---|---|
| | | | | മുതൽ(₹) | പലിശ | |
| ഇ.എം. എസ്. ഭവന പദ്ധതി | സ.ഉ.(സാധ) നം. 565/10 ത.സ്വ.ഭ.വ. തീയ്യതി 22-02.2010 | ₹93,25,000 (സഹകരണ ബാങ്ക്, ചെങ്കള) | 27,94,075 | 22,00,209 | - | 5,93,866 |
| | | ₹93,12,500 (സഹകരണ ബാങ്ക്, മുട്ടത്തോടി) | 9,10,430 | 9,10,430 | - | ഇല്ല |
| | ആകെ | 1,86,37,500 | 37,04,505 | 31,10,639 | | 5,93,866 |

## 4-5 സ്ഥിര നിക്ഷേപങ്ങളുടെ വിവരം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി ഇനത്തിൽ , 2017-18 വർഷത്തിൽ ലഭിച്ച തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2.1,2.2,2.3,2.7 | 2016-17 | തൊഴിൽ നികുതി അനുബന്ധം .4 | തൊഴിൽ നികുതി ഈടാക്കാത്തത് | മറുപടി സമർപ്പിച്ചിട്ടുണ്ട് |
| 2015-16 | 2.1,2.7,2.8,2.9, | 2016-17 | തൊഴിൽ നികുതി അനുബന്ധം .5 | തൊഴിൽ നികുതി ഈടാക്കാത്തത് | മറുപടി സമർപ്പിച്ചിട്ടുണ്ട് |
| 2014-15,2015-16 | 2.1 | 2016-17 | വസ്തു നികുതി അനുബന്ധം .3 | വസ്തു നികുതി ഈടാക്കാത്തത് | |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹9,07,64,196 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹10,24,31,882 |
| വരവിനങ്ങളിലുള്ള നഷ്ടം | -ഇല്ല- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹1,27,750 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹45,46,212 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | - | ₹2,825/- | ശ്രീ.ഷജിൽ.ടി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | - | ₹1,450/- | ശ്രീ.ഷജിൽ.ടി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | - | ₹1,000/- | ശ്രീ.ഷജിൽ.ടി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-11 | - | ₹38,532/- | ശ്രീ.എം.ബാബു,അസിസ്റ്റന്റ് സെക്രട്ടറി |
| 3-21 | - | ₹83,943/- | ശ്രീ.പി. മധുസൂദനൻ, സെക്രട്ടറി |
| ആകെ | - | ₹1,27,750 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | ₹16,90,197/- | ₹9,10,197/-<br>ശ്രീ.പി. മധുസൂദനൻ, സെക്രട്ടറി |
| | | ₹7,80,000/-<br>ശ്രീ.സുരേഷ് കുമാർ.കെ സെക്രട്ടറി |
| 3-10 -a | ₹50,000/- | ഡോ.ഹരീഷ് കുമാർ, വെറ്ററിനറി സർജൻ |

| | | |
|---|---|---|
| 3-10 -b | ₹2,50,000/- | ഡോ.ഹരീഷ് കുമാർ, വെറ്ററിനറി സർജൻ |
| 3-10 -c | ₹1,59,000/- | ഡോ.ഹരീഷ് കുമാർ, വെറ്ററിനറി സർജൻ |
| 3-10 -d | ₹2,45,000/- | ഡോ.ഹരീഷ് കുമാർ, വെറ്ററിനറി സർജൻ |
| 3-11 | ₹4,53,948/- | ശ്രീ.എം.ബാബു,അസിസ്റ്റന്റ് സെക്രട്ടറി |
| 3-15 | ₹8,25,000/- | ഡോ. ഷമീമ തൻവീർ, മെഡിക്കൽ ഓഫീസർ, PHC |
| 3-16 | ₹76,800/- | ശ്രീ.സന്തോഷ് ചാലിൽ, കൃഷി ഓഫീസർ. |
| 3-17 | ₹22,300/- | ശ്രീ.സന്തോഷ് ചാലിൽ, കൃഷി ഓഫീസർ. |
| 3-20 | ₹1,19,659/- | ശ്രീ.പി. മധുസൂദനൻ, സെക്രട്ടറി |
| 3-21 | ₹6,54,308/- | ശ്രീ.പി. മധുസൂദനൻ, സെക്രട്ടറി |
| ആകെ | ₹45,46,212 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-9 | ₹5,098/- (service tax) | ശ്രീ.പി. മധുസൂദനൻ, സെക്രട്ടറി |
| 3-8 | ₹3,000/- (income tax) | ശ്രീ.എം.ബാബു,അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറിയുടെ ചാർജ്ജ് ) |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. ഹരീഷ് കുമാർ വെറ്ററിനറി സർജൻ | ഡോ. ഹരീഷ് കുമാർ<br>വെറ്ററിനറി സർജൻ<br>ചെങ്കള ഗ്രാമ പഞ്ചായത്ത് | രഞ്ജിനി<br>എളയം, വക്കനാട് പി.ഒ<br>കൊല്ലം |
| ശ്രീ.ഷജിൽ.ടി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കണ്ണൂർ കോർപ്പറേഷൻ | സോപാനം,<br>നിയർ ആലിൻകീഴ്<br>കിഴുന്ന (പി ഒ), കണ്ണൂർ,<br>പിൻകോഡ്-670007 |

| | | |
|---|---|---|
| ശ്രീ.എം.ബാബു, അസിസ്റ്റന്റ് സെക്രട്ടറി | അസി.സെക്രട്ടറി, ചെമ്മനാട് ഗ്രാമ പഞ്ചായത്ത് | സാകേതം, കോളിയടുക്കം, പരവനടുക്കം. പി. ഒ, കാസറഗോഡ് ജില്ല |
| ശ്രീ.പി. മധുസൂദനൻ, സെക്രട്ടറി | മരണപ്പെട്ടു. | |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1986-87 | KSA.KSD. 3/436/2018.dt.11/05/2018 | 2 |
| 1987-88 & 1988-89 | KSA.KSD. 3/436/2018.dt.11/05/2018 | 11 |
| 1989-90 & 1990-91 | KSA.KSD. 3/436/2018.dt.11/05/2018 | 3 |
| 1991-92 & 1992-93 | KSA.KSD. 3/436/2018.dt.11/05/2018 | 4 |
| 1993-94 to 1995-96 | KSA.KSD. 3/436/2018.dt.11/05/2018 | 18 |
| 1996-97 | KSA.KSD. 3/436/2018.dt.11/05/2018 | 6 |
| 1996-97(final) | KSA.KSD. 3/436/2018.dt.11/05/2018 | 8 |

| | | |
|---|---|---|
| 1997-98 | KSA.KSD. 3/436/2018.dt.11/05/2018 | 9 |
| 1998-99 | KSA.KSD. 3/436/2018.dt.11/05/2018 | 20 |
| 1999-2000 | KSA.KSD. 3/436/2018.dt.11/05/2018 | 9 |
| 2000-01 | KSA.KSD. 3/436/2018.dt.11/05/2018 | 6 |
| 2001-02 | KSA.KSD. 3/436/2018.dt.11/05/2018 | 6 |
| 2002-03 | KSA.KSD. 3/436/2018.dt.11/05/2018 | 1 |
| 2003-04 | KSA.KSD. 3/436/2018.dt.11/05/2018 | 1 |
| 2004-05 | KSA.KSD. 3/436/2018.dt.11/05/2018 | 11 |
| 2005-06 | KSA.KSD. 3/436/2018.dt.11/05/2018 | 8 |
| 2006-07 | KSA.KSD. 3/436/2018.dt.11/05/2018 | 11 |
| 2007-08 | KSA.KSD. 3/436/2018.dt.11/05/2018 | 12 |
| 2008-09, 09-10, 10-11 | KSA.KSD. 3/436/2018.dt.11/05/2018 | 29 |
| 2012-13, 2013-14 | KSA.KSD. 3/436/2018.dt.11/05/2018 | 20 |
| 2014-15 | KSA.KSD. 3/436/2018.dt.11/05/2018 | 31 |
| 2015-16 | KSA.KSD. 3/436/2018.dt.11/05/2018 | 31 |
| 2016-17 | KSA.KSD. 3/436/2018.dt.11/05/2018 | 15 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം -1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Chengala Grama Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 24231682.00 |
| Cash | Cash | RP-40(a) | 221627.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 5362805.00 |
| 130000000 | Rental income from Panchayat Properties | RP-3 | 9000.00 |

| | | | |
|---|---|---|---|
| 140000000 | Fees & User Charges | RP-4 | 1428711.00 |
| 150000000 | Sale & Hire Charges | RP-5 | 922110.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 61709217.00 |
| 171000000 | Interest Earned | RP-9 | 363645.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 6681323.00 |
| 350000000 | Other Liabilities | RP-36 | 335290.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 58336.00 |
| 312000000 | Reserves | RP-30 | 0.0 |
| 340000000 | Deposits Received | RP-34 | 19030.00 |
| 350000000 | Other Liabilities | RP-36 | 720226.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 13136503.00 |
| 460000000 | Loans, Advances and Deposits | RP-47 | 18000.00 |
| | Grand total | | 115217505.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4426342.00 |
| 220000000 | Administrative Expenses | RP-12 | 1108545.00 |
| 230000000 | Operations & Maintenance | RP-13 | 3123113.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4739374.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 19590461.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1342092.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 156073.00 |

| | | | |
|---|---|---|---|
| | | | |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 12556.00 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 12482134.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 24000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 337150.00 |
| 350000000 | Other Liabilities | RP-36 | 25395943.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 10832.00 |
| 330000000 | Secured Loans | RP-32 | 1770597.00 |
| 340000000 | Deposits Received | RP-34 | 20900.00 |
| 350000000 | Other Liabilities | RP-36 | 3036441.00 |
| 410000000 | Fixed Assets | RP-38 | 9395528.00 |
| 412000000 | Capital work in Progress | RP-40 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 15459801.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 12785623.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 115217505.00 |

# അനുബന്ധം -2

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Chengala Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 23145534.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 9000.00 |
| 140000000 | Fee & User Charges | I-4(b) | 1652541.00 |
| 150000000 | Sale & Hire Charges | I-5(b) | 922110.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 149030274.00 |
| 171000000 | Interest Earned | I-8 | 363645.00 |

| | | | |
|---|---|---|---|
| 180000000 | Other Income | I-9 | 58336.00 |
| | Total Income | | 175181440.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 12234650.00 |
| 220000000 | Administrative Expenses | I-11(b) | 1153415.00 |
| 230000000 | Operations & Maintenance | I-12(b) | 3143613.00 |
| 240000000 | Interest & Finance Charges | I-13 | 10832.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 11257378.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 43289024.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 4514898.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 894261.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 62367456.00 |
| 255000000 | Maintenance Projects | I-14(e) | 12604260.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 24000.00 |
| 272000000 | Depreciation | I-17(a) | 12339591.00 |
| | Total Expenditure | | 163833378.00 |
| | Gross Surplus/ Deficit of income over Expenditure | | 11348062.00 |
| 280000000 | Prior Period Item | I-18 | 233175.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 11114887.00 |

| | | | |
|---|---|---|---|
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

# അനുബന്ധം -3

## ബാലൻസ് ഷീറ്റ്

| Chengala Grama Panchayat BALANCE SHEET | | | |
|---|---|---|---|
| As on 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 44813467.90 |
| 312000000 | Reserves | B-3 | 56451268.00 |
| | Total Reserve & Surplus | | 101264735.90 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 8255527.00 |
| | Total Grants, Contributions for Specific Purposes | | 8255527.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 593866.00 |

| | | | |
|---|---|---|---|
| | Total Loans | | 593866.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 193918.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2733054.15 |
| | Total Current Liabilities and Provisions | | 2926972.15 |
| | TOTAL LIABILITIES | | 113041101.05 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 104271010.00 |
| 411000000 | Accumulated Depreciation | B-11 | -36117789.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 68153221.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 28910172.05 |
| 440000000 | Pre-paid Expenses | B-16 | 1366412.00 |
| 450000000 | Cash and Bank Balance | B-17 | 12785623.00 |
| 460000000 | Loan, Advances and Deposits | B-18 | 1261003.00 |
| | Total Current Assets, Loans and Advances | | 44323210.05 |
| | Other Assets | | |

## അനുബന്ധം -4

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.കെ.എസ്.ഡി 9/078/2019 തിയ്യതി:28.01.2019.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ് - 671123.

തീയ്യതിഃ 28.01.2019.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്-4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ.) 1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ചെങ്കള ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിലെ ഖണ്ഡിക 1(3) ൽ ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ

അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.